# സതേൺ വോയ്സ്



# സ്വർഗീയ ദൂതന്മാർ

പുസ്തകം1 ലക്കം8 ആഗസ്റ്റ്2024

**ചീഫ് എഡിറ്റർ**
ഗോഡ്സൻ കുട്ടമല
**മാനേജിംഗ് എഡിറ്റർ**
ഷൈൻ ദാസ് കണ്ടംതിട്ട

**എഡിറ്റോറിയൽ ബോർഡ്**
സത്യരാജ് തിരുമല
ജോളി കോവിലൂർ
തങ്കച്ചൻ മാത്യു, മാമ്മൂട്

**അസോസിയേറ്റ് എഡിറ്റർ**
ജോഷ് മണലയം

**അഡ്വൈസറി ബോർഡ് മെമ്പേഴ്സ്**
എസ്.ജി.ഗിൽബർട്ട് ആറാമട
ശിംശോൻ ജോസഫ് കാട്ടാക്കട
റ്റി.എ. തോമസ് ഇലന്തൂർ
ജീ. ധർമ്മദാസ് കാരക്കോണം
സുന്ദരദാസ് മരത്തകിടി

**കവർ ഡിസൈനിംഗ്**
ബിനു കട്ടളപ്പാറയിൽ

**ടൈപ്പ് സെറ്റിംഗ്**
സവിതമോൾ

**അടുത്ത ലക്കം**
**വിഷയം: ദൈവം ഒരുക്കിയ രക്ഷ**
**ലേഖനങ്ങൾ ടൈപ്പ് ചെയ്ത് ആഗസ്റ്റ് 25 മുമ്പായി അയക്കുക**

**SEND ARTICLES TO 9995927502**
**E-MAIL: southernvoice2023@gmail.com**

# താളുകൾ മറിക്കുമ്പോൾ

3 ഒന്നിനെയും നിസ്സാരമായി കാണരുത് — ഗോഡ്സൻ കുട്ടമല
4 ദൂതന്മാർ ഉത്ഭവവും സൃഷ്ടിയും — എസ്.ജി.ഗിൽബർട്ട് ആറാമട
6 ദൂതൻമാരുടെ ശുശ്രൂഷകൾ അന്ത്യനാളുകളിൽ. — സാം സക്കറിയ കൊട്ടാരക്കര
8 ദൈവദൂതൻമാർ യേശുക്രിസ്തുവിന്റെ ജീവിതത്തിൽ — രാജേഷ് കോടങ്കര
10 ആധുനിക ഡിജിറ്റൽ യുഗത്തിൽ ദൂതന്മാർ യാഥാർഥ്യമോ — ഗോഡ്ലി പി എസ് ബഹ്റൈൻ
13 "സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ" — ഡോ. മാത്യു വർഗ്ഗീസ് നാഗ്പൂർ
16 അന്യഗ്രഹ ജീവികളും ദൂതൻമാരും — തങ്കച്ചൻ മാത്യു മാമ്മൂട്
18 ലൂസിഫറിന്റെ വീഴ്ചയും അന്ത്യന്യായവിധിയും — ധർമ്മരാജ് കന്നുമാമൂട്
20 The Ministry of Angels — Jaysing mathoorkonam
23 സ്വർഗീയ ദൂതന്മാർ — ബിനു ആർ.വി കട്ടളപ്പാറയിൽ

എഡിറ്റോറിയൽ

# ഒന്നിനെയും നിസ്സാരമായി കാണരുത്

ഗോഡ്സൻ കുട്ടമല



ചൈനയിലെ രണ്ടു ക്രിസ്തീയ സഹോദരന്മാരുടെ ജീവിതത്തിൽ ഉണ്ടായ ഒരു അനുഭവം ഇങ്ങനെയാണ്, ഈ രണ്ടു സഹോദരന്മാരും കർഷകരായിരുന്നു. നെൽപ്പാടം കൃഷിചെയ്ത് ഉപജീവനം കഴിച്ചുവന്ന അവരുടെ വയൽ ഒരു മലയുടെ ചെരുവിലാണ്. വേനൽക്കാലം. അവർ പകൽ വെള്ളം കോരി തങ്ങളുടെ പാടം നനച്ചശേഷം രാത്രി വിശ്രമിപ്പാൻ പോയി. പിറ്റേന്നു രാവിലെ വന്നപ്പോൾ അവർ കണ്ട കാഴ്ച! താഴത്തെ പാടം കൃഷി ചെയ്യുന്നവർ, ഇവർ പോയിക്കഴിഞ്ഞപ്പോൾ വരമ്പിൽ മട വീഴ്ത്തി വെള്ളം മുഴുവൻ തങ്ങളുടെ വയലിലേക്ക് ഒഴുക്കിക്കൊണ്ടുപോയിരിക്കുന്നു! ചുരുക്കത്തിൽ മുകളിലത്തെ അവരുടെ വയൽ തുള്ളിവെള്ളമില്ലാതെ ഉണങ്ങിക്കിടക്കുന്നു. താഴത്തെ പാടം നിറയെ വെള്ളം. അവിടെ നെൽച്ചെടികൾ പച്ചയോടെ നില്ക്കുന്നു!

എന്താ ചെയ്ക? തങ്ങൾ ക്രിസ്ത്യാനികളല്ലേ? ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പാനും ദോഷം സഹിപ്പാനുമാണല്ലോ തങ്ങളോടു കല്പിച്ചിരിക്കുന്നത്. ക്രിസ്തീയ സഹോദരന്മാർ ഒന്നും മിണ്ടിയില്ല. ആരോടും പരാതി പറഞ്ഞതുമില്ല. അവർ വരമ്പു ശരിയാക്കിയിട്ട് വീണ്ടും തങ്ങളുടെ പാടത്തു വെള്ളം നിറയ്ക്കാൻ തുടങ്ങി. സന്ധ്യയായപ്പോൾ അവർ വീട്ടിലേക്കു മടങ്ങി. എന്നാൽ അന്നു രാത്രിയും താഴത്തെ പാടത്തെ കർഷകൻ പഴയതുപോലെ ചെയ്തു. അന്നും അവർ പ്രതികരിച്ചില്ല. ചുരുക്കത്തിൽ പകലത്തെ വെള്ളം കോരലും രാത്രിയിലെ ജലമോഷണവും തുടർച്ചയായി ഏഴുദിവസം നടന്നു.

പക്ഷേ, ഈ ക്രിസ്തീയ സഹോദരന്മാരുടെ പ്രശ്നം, ഈ അന്യായമെല്ലാം പരാതി കൂടാതെ തങ്ങൾ സഹിച്ചിട്ടും തങ്ങളുടെ ഹൃദയത്തിൽ ഒരു സന്തോഷമില്ലല്ലോ എന്നതായിരുന്നു. പരാതികൂടാതെ ഈ തിന്മ മുഴുവൻ സഹിച്ചിട്ടും എന്തുകൊണ്ട് ഹൃദയത്തിൽ സന്തോഷത്തിനും സമാധാനത്തിനും പകരം ആന്തരികമായി ഒരു ഞെരുക്കം അനുഭവപ്പെടുന്നു?. അവർ ഇക്കാര്യം തങ്ങളുടെ സഭയിലെ ഒരു മുതിർന്ന സഹോദരനോട് പങ്കുവച്ചു. അദ്ദേഹം എല്ലാം കേട്ടു കഴിഞ്ഞ് ഇങ്ങനെ പറഞ്ഞു: നിങ്ങൾ ഒരു കാര്യം ചെയ്യൂ. നിങ്ങളുടെ വെള്ളം ചോർത്തുന്ന ആളിന്റെ വയൽ ആദ്യം നനയ്ക്കൂ. പിന്നീട് നിങ്ങളുടെ വയലുകൾ നനച്ചാൽ മതി.

ഇതുകേട്ടു മടങ്ങിയ സഹോദരന്മാർ പിറ്റേന്നു നേരത്തെ എഴുന്നേറ്റു. അവർ ആദ്യം തങ്ങളെ ദ്രോഹിച്ച ആളിന്റെ വയൽ വെള്ളം കോരി നിറയ്ക്കാൻ തുടങ്ങി. അത്ഭുതമെന്നു പറയട്ടെ. അവർ താഴത്തെ വയൽ നനയ്ക്കാൻ തുടങ്ങിയപ്പോൾ അവരുടെ ഹൃദയത്തിലും അതുവരെയില്ലാത്ത ഒരു സന്തോഷം നിറഞ്ഞുവന്നു. അവർ തികഞ്ഞ സന്തോഷത്തോടെ താഴത്തെ പാടങ്ങൾ വെള്ളം കൊണ്ടു നിറച്ചു; തുടർന്നു തങ്ങളുടെ മുകളിലത്തെ വയലുകളും. ഇങ്ങനെ രണ്ടുദിവസം ചെയ്തു കഴിഞ്ഞപ്പോൾ ഒരു ദിവസം രാവിലെ അവർ വെള്ളം കോരാൻ വന്നപ്പോൾ താഴത്തെ പാടത്തിൻറെ ഉടമസ്ഥൻ ഇവരെ കാത്തുനില്ക്കുകയാണ്.

"അദ്ദേഹം പറഞ്ഞു, ഇതാണ് ക്രിസ്തീയസ്നേഹമെങ്കിൽ എനിക്ക് ഇതേപ്പറ്റി കൂടുതൽ അറിയാൻ താല്പര്യമുണ്ട്". അങ്ങനെ അദ്ദേഹം യേശുകർത്താവിന്റെ സ്നേഹത്തെ കണ്ടെത്തി. ആ രണ്ടു കർഷകർ ചെയ്ത എത്ര നിസ്സാരമായ പ്രവൃത്തിയാണ് ഇത്ര ബലമുള്ള ഒരു ക്രിസ്തുബന്ധം ആ മനുഷ്യന് സാധ്യമാക്കിയത്. നാം ചെയ്യുന്ന പല പ്രവർത്തികളും ചിലപ്പോൾ നിസ്സാരമെന്ന് നമ്മുക്ക് തോന്നിയേക്കാം പക്ഷെ അതിലൂടെ ഉളവാക്കുന്ന ഫലം ബലമേറിയതും അതിശയമുളവാക്കുന്നതുമായ ക്രിസ്തീയ ജീവിതത്തിലേയ്ക്ക് നമ്മെയോ അതിൽ ഇടപ്പെടുന്നവരെയോ നയിക്കാം. ദൈവം സഹായിക്കട്ടെ!

ഈ രണ്ടു കർഷകർ ചെയ്ത പ്രവർത്തിയെ നാം നിസ്സാരമായി കാണാൻ സാധ്യതയുള്ളതുപോലെ നാം നിസ്സാരമായി കാണുന്നതും ഈ കർഷകരുടെ പ്രവൃത്തിപോലെയോ അല്ലെങ്കിൽ അതിനപ്പുറമായോ മനുഷ്യനെ അതിശയത്തിലേയ്ക്കും ഉറപ്പുള്ള ക്രിസ്തീയ ജീവിതത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒരുന്നതമായ ദൈവസൃഷ്ടിയാണ് ദൂതന്മാർ (ഈ പ്രാവിശ്യം ദൂതന്മാരെക്കുറിച്ച് തുടർന്നുള്ള ലേഖനങ്ങളിൽ നാം വിശദമായി പഠിക്കുന്നതാണ്), അവരുടെ പ്രവർത്തിയും ഇടപെടലുകളും നമ്മെ വിശ്വാസ ജീവിതത്തിൽ നാം ഒരിക്കലും പ്രതീക്ഷിക്കാതെ അനുഗ്രഹീതമായ ഒരു നിലവാരത്തിലേയ്ക്ക് നയിക്കും..തീർച്ച! ആയതിനാൽ ദൈവ സ്നേഹത്തിൽ നിന്നും ഉളവാകുന്ന ഒരു പ്രവർത്തിയെയും ദൈവത്തിൻറെ ഒരു സൃഷ്ടിയെയും നാം നിസ്സാരമായി കാണരുത്... SV



# ദൂതൻമാരുടെ ഉത്ഭവവും സൃഷ്ടിയും



എസ്.ജി.ഗിൽബർട്ട് ആറാമട

നിത്യനും ശാശ്വതവാസിയും അത്യുന്നതനുമായ ദൈവത്തോടു കൂടെ സഹവസിക്കുന്ന ഒരു കൂട്ടം ജീവികളാണ് ദൈവദൂതൻമാർ. അവർ ദൈവത്തെ സേവിക്കുന്നവരും ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നവരുമാണ്. അവർക്ക് ജരാനരയില്ല, മരണമില്ല. അവയുടെ ഉത്ഭവത്തെക്കുറിച്ചും സൃഷ്ടിയെക്കുറിച്ചും തിരുവെഴുത്തിൽ കൂടി ഒരു അന്വേഷണം നടത്താം.

### 1. ദൂതൻമാർക്ക് ആരംഭം ഉണ്ട്.

ദൈവത്തിനും നിത്യതയ്ക്കും ആരംഭവും അവസാനവുമില്ല. സൃഷ്ടികൾക്ക് എല്ലാം തന്നെ ആരംഭം ഉണ്ട്; അതോടൊപ്പം അവസാനവും ഉണ്ട്. ദൂതൻമാർക്ക് ആരംഭം ഉണ്ട്. എന്നാൽ അവയ്ക്ക് മരണമില്ല അവസാനവുമില്ല. ദൈവദൂതൻമാരുടെ ഉത്ഭവം ഏതുമുതൽ എന്ന് നമുക്കറിയില്ല.

### 2. അവർ ദൈവത്തിന്റെ സൃഷ്ടികൾ

ദൈവദൂതൻമാർക്ക് ആരംഭം ഉണ്ടെങ്കിലും അവർ ദൈവത്തിന്റെ സൃഷ്ടികളാണ്. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ, കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ, അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം അവനായിട്ടും സൃഷ്ടിക്ക പ്പെട്ടിരിക്കുന്നു(കൊലൊ.1:16,17). ഈ വാക്യങ്ങളുടെ വെളിച്ചത്തിൽ ദൂതൻമാരും ദൈവത്തിന്റെ സൃഷ്ടികൾ എന്ന് വ്യക്തമാണ്.

### 3. സകലവും ക്രിസ്തുവിനായിട്ടു സൃഷ്ടിക്കപ്പെട്ടു(കൊലൊ.1:16, 17).

കൊലൊ.1:16,17 വാക്യങ്ങളിൽ സൃഷ്ടിക്കപ്പെട്ട സകലവും ക്രിസ്തുവിനായിട്ടാണു സൃഷ്ടിച്ചിരിക്കുന്നത്. സകലവും ക്രിസ്തുവിന്റെ കാര്യപരിപാടിക്കുവേണ്ടിയാണ് സൃഷ്ടി നടത്തിയത്. കഴിഞ്ഞ നിത്യത മുതൽ ദൈവത്തിനു വലിയ പദ്ധതികൾ ഉണ്ടായിരുന്നു. തന്നെ ആരാധിക്കാനും സേവിക്കാനുമായി ദൂതൻമാരെ സൃഷ്ടിച്ചു.

### 4.ദൈവദൂതൻമാർക്ക് പ്രത്യുല്പാദനശേഷിയില്ല.

ദൈവദൂതൻമാരെ ദൈവം സൃഷ്ടിച്ച നാളിൽ എത്ര പേർ ഉണ്ടോ അത്രയും പേർ മാത്രമാണ് ഇന്നും ഉള്ളത്. അവർ വർദ്ധിക്കുന്നില്ല. കുറയുന്നുമില്ല. പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിനു കൊടുക്കപ്പെടുന്നുമില്ല; സ്വർഗ്ഗത്തിലെ ദൂതൻമാരെപ്പോലെ അത്രേ ആകുന്നു(മത്താ.22:30, ലൂക്കോ.20:35-36)). ഈ വാക്യങ്ങളിലെ കർത്താവിന്റെ പ്രസ്താവനയിൽനിന്നും സ്വർഗ്ഗത്തിലെ ദൂതൻമാർക്ക് വിവാഹജീവിതവും വംശവർദ്ധനവും അനുവദിച്ചിട്ടില്ലായെന്നു വ്യക്തം.

**5.ദൂതൻമാരെ എപ്പോൾ സൃഷ്ടിച്ചു?**

ദൂതൻമാർക്ക് ആരംഭം ഉണ്ടെന്നും അവർ ദൈവത്തിന്റെ സൃഷ്ടികൾ ആണെന്നും നാം കണ്ടു. അവർ ഭൗതികശരീരം ഇല്ലാത്ത ആത്മജീവികളാണ്. അവരെ ദൈവം എപ്പോൾ സൃഷ്ടിച്ചുയെന്ന് പരിശോധിക്കാം.

ദൂതൻമാർ ആത്മജീവികൾ ആയതിനാൽ നാം വസിക്കുന്നതുപോലെയുള്ള വസ്തുമയമായ ഭൂമിയോ, ഇതര ഗോളങ്ങളൊന്നും അവയ്ക്ക് വസിക്കാൻ ആവശ്യമില്ല. നാം കാറ്റും വെയിലും മഴയും അതിജീവിച്ച് കഴിയാനായിട്ടാണ് ഭവനങ്ങൾ പണിയുന്നതും അതിൽ പാർക്കുന്നതും. ദൂതൻമാർ ആത്മജീവികൾ ആയതിനാൽ അതിന്റെ ആവശ്യമില്ല.

**a) ഏദെൻ തോട്ടം ഉണ്ടാകുന്നതിനും മുൻപ്**

ഏദെൻ തോട്ടത്തിൽ ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ച് ആക്കിയപ്പോൾ, ഏദെൻ തോട്ടത്തിൽ വേല ചെയ്യണം അതിനെ കാക്കണം എന്നാണ് ദൈവം പറഞ്ഞത്. നിങ്ങൾക്ക് ഒരു ശത്രു ഉണ്ട് അവനെ സൂക്ഷിക്കണം എന്ന ഒരു സൂചന നാം അവിടെ കാണുന്നു. ആ ശത്രുവാണ് പാമ്പിന്റെ വേഷത്തിൽ വന്ന സാത്താൻ. അങ്ങനെയാണെങ്കിൽ ആദി മാതാപിതാക്കളെ സൃഷ്ടിക്കുന്നതിനും മുമ്പ് സാത്താൻ ഉണ്ടായിരുന്നു.

പാപം ചെയ്ത ആദി മാതാപിതാക്കള ഏദൻ തോട്ടത്തിൽനിന്നും പുറത്താക്കപ്പെട്ടു. തോട്ടത്തെ കാക്കുവാൻ കാവൽക്കാരെ ദൈവം അവിടെ ആക്കുന്നു. ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻതോട്ടത്തിനു കിഴക്ക് കെരൂമ്പുകള തിരിഞ്ഞു കൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിറുത്തി (ഉല്പ.3:24). ദൈവത്തിന്റെ ദൂതൻമാരിൽപെട്ട കെരൂബുകളെ അവിടെ കാവൽ നിറുത്തണമെങ്കിൽ അവരെ അതിനും മുമ്പ് സൃഷ്ടിക്കണം.

**b) ഭൂമിയെ സൃഷ്ടിക്കുന്നതിനും മുമ്പ്**

ഏതായാലും മനുഷ്യവർഗ്ഗത്തെ സൃഷ്ടിക്കുന്നതിനും മുമ്പാണ് ദൂതൻമാരെ സൃഷ്ടിച്ചതെന്ന് വ്യക്തം. ഇയ്യോബിന്റെ പുസ്തകത്തിൽ പ്രപഞ്ച സൃഷ്ടിയെക്കുറിച്ച് പറയുന്നുണ്ട്. അപ്പോൾ ദൂതൻമാരുടെ കൂട്ടം അവിടെ ഉള്ളതായി കാണുന്നു. ഞാൻ ഭൂമിക്ക് അടിസ്ഥാനം ഇട്ടപ്പോൾ നീ എവിടെയായിരുന്നു. നിനക്കു വിവേകമുണ്ടെങ്കിൽ പ്രസ്താവിക്ക....... പ്രഭാത നക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കുകയും ദൈവപുത്രൻമാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ അതിന്റെ അടി സ്ഥാനം ഏതിൻമേൽ ഉറപ്പിച്ചു? അല്ല അതിന്റെ മൂലക്കല്ലിട്ടവൻ ആർ? (ഇയ്യോ.38:47).

ഈ വാക്യത്തിൽ ആലങ്കാരികമായി പ്രഭാത നക്ഷത്രങ്ങൾ എന്നും ദൈവപുത്രൻമാരെന്നും പറഞ്ഞിരിക്കുന്നത് ദൈവദൂതൻമാരുടെ ഗണത്തെയാണ്. ആകാശവും ഭൂമിയും സൃഷ്ടിച്ചനാളിൽ അത് നോക്കി കണ്ടു സന്തോഷിക്കാൻ ദൂതൻമാരുടെ സൈന്യം ഉണ്ടായിരുന്നെങ്കിൽ പ്രപഞ്ചസൃഷ്ടിക്ക് മുമ്പാണ് അവരെ സൃഷ്ടിച്ചതെന്ന് വ്യക്തം.

നിത്യനായ ദൈവം കഴിഞ്ഞ നിത്യതയുടെ ഒരു ഭാഗത്ത് സൃഷ്ടി നടത്തുവാൻ പിതാവിൽനിന്നും പുറപ്പെട്ടശേഷം ആദ്യം Space അഥവാ പുരാതന സ്വർഗ്ഗങ്ങളെയും അതിനെ തുടർന്ന് ദൈവദൂതൻമാരെയും സൃഷ്ടിച്ചു. ദൂതൻമാർ നിത്യതയുടെ ഭാഗമായി മാറി. കാരണം, അവർ ആത്മജീവികളാണ്. അങ്ങനെ അവൻ പ്രപഞ്ചസൃഷ്ടിക്കും മുമ്പ് നിത്യതയുടെ ഒരു ഭാഗത്താണ് സൃഷ്ടിക്കപ്പെടുന്നത്.

**6. ദൂതൻമാരെ എങ്ങനെ സൃഷ്ടിച്ചു?**

മനുഷ്യനെ ദൈവം കേവലം വാക്കുകൊണ്ടല്ല തന്റെ കരവിരുതിനാലാണ് സൃഷ്ടിച്ചത്. മനുഷ്യർക്ക് വസ്തുമയമായ ശരീരമാണുള്ളത്. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് അവരെ സൃഷ്ടിച്ചത്. മനുഷ്യശരീരത്തിൽ മണ്ണുകൊണ്ടുള്ള ഭൗതിക ശരീരവും, അദൃശ്യമായ ആത്മാവും ഉണ്ട്. ആത്മാവ് അവനിൽ ദൈവബോധത്തിന്റെ സ്ഥാനമായി നിലകൊള്ളുന്നു. വേണമെങ്കിൽ മനുഷ്യനു മരിക്കാം. അല്ലെങ്കിൽ മരിക്കാതിരിക്കാൻ സാധിക്കുന്ന ശരീരമാണ് അവനുള്ളത്.

ദൂതൻമാർ കേവലം ആത്മജീവികളാണ്. അതിനാൽ മനുഷ്യനെ സൃഷ്ടിച്ചതുപോലെയല്ല അവയെ സൃഷ്ടിച്ചത്. അവയ്ക്ക് മരിക്കാൻ സാധിക്കയില്ല. അവർക്ക് ജരാനരയുമില്ല; കുടുംബജീവിതവും ഇല്ല. യഹോവയുടെ വചനത്താൽ അവ സൃഷ്ടിക്കപ്പെട്ടു(നെഹെ.9:6, സങ്കീ.33:6). ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ ദൂതൻമാരെക്കാൾ ശ്രേഷ്ടരാണ(സങ്കീ.8:5). ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ.

SV

# ദൂതൻമാരുടെ ശുശ്രൂഷകൾ അന്ത്യനാളുകളിൽ



സാം സക്കറിയ
കൊട്ടാരക്കര



ദൈവത്തിന്റെ ആജ്ഞാനുവർത്തികളും വിശുദ്ധൻമാരുടെ സേവാകാത്മക്കളുമായിട്ടാണ് ദൈവം ദൂതൻമാരെ സൃഷ്ടിച്ചിട്ടുള്ളത്. സ്വർഗ്ഗത്തിൽമാത്രം ശുശ്രൂഷ ചെയ്യുന്നവരും അതേസമയം സ്വർഗ്ഗത്തിലും ഭൂമിയിലും ശുശ്രൂഷ ചെയ്യുന്നവരുമായ ദൂതൻമാരുണ്ട്. അവരുടെ എണ്ണം ആയിരമായിരവും പതിനായിരം പതിനായിരവുമെന്നു തിരുവചനം പറയുന്നു. അതായത് എണ്ണിക്കൂടാത്ത ദൂതൻമാർ ഉണ്ടെന്നു സാരം. അവർ ആത്മരൂപികളാണ്. അപ്പോൾ ത്തന്നെ ആവശ്യമെങ്കിൽ മനുഷ്യ വേഷത്തിൽ വെളിപ്പെടു വാനും കഴിയും. അവരുടെ ശുശ്രൂഷകൾ ആവശ്യമില്ലാത്ത മേഖലകൾ ഒന്നും തന്നെയില്ല എന്നു പറയാം. കാറ്റിന്റെ മേലും വെള്ളത്തിന്റെ മേലും അഗ്നിയുടെമേലും അധികാരമുള്ള ദൂതൻമാർ ഉണ്ട്. സ്വർഗ്ഗവും ഭൂമിയും പാതാളവുമെല്ലാം ദൂതൻമാരുടെ അധികാര പരിധിയിൽപെടും.

നമ്മുടെ ചിന്താവിഷയം ദൂതൻമാരുടെ ശുശ്രൂഷ അന്ത്യനാളുകളിൽ എന്നതാണ്. നാം ജീവിക്കുന്ന ഈ കാലഘട്ടം തന്നെയാണ് അന്ത്യ നാളുകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കർത്താവിന്റെ പുനരാഗമനത്തോട് ഏറ്റവുമടുത്ത നാളുകളിലാണ് നാം ജീവിക്കുന്നത്. സാത്താൻ തനിക്കു അല്പകാലമേയുള്ളൂ എന്നറിഞ്ഞ് വളരെ ശക്തിയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവജനത്തെ സംരക്ഷിക്കുന്നതിനും ശക്തീകരിക്കുന്നതിനും ദൂതൻമാരുടെ ശുശ്രൂഷ ഒഴിച്ചുകൂടാനാവാത്തതാണ്. അലറുന്ന സിംഹം പോലെയും, വെളിച്ചദൂതന്റെ വേഷത്തിലും ദൈവജനത്തെ നശിപ്പിക്കുവാനും അവരുടെ ആത്മികസാക്ഷ്യം നഷ്ടപ്പെടുത്തുവാനും പിശാച് ശ്രമിക്കുമ്പോൾ പരീക്ഷാവേളയിൽ കർത്താവിനെ ശക്തിപ്പെടുത്താൻ പ്രത്യക്ഷപ്പെട്ട ദൂതൻ തന്റെ മക്കളെയും ശക്തിപ്പെടുത്തും എന്നതിനു സംശയമില്ല (മത്താ.4:11, ലൂക്കോ.22:43). പത്രോസിനെ ഗോതമ്പുപോലെ പാറ്റുവാൻ കർത്താവിനോടു അനുവാദം ചോദിച്ച പിശാച് നമ്മെയും പാറ്റിക്കളയാതെ സംരക്ഷിക്കുന്ന ശുശ്രൂഷ ദൂതൻമാർ തന്റെ ജനത്തിനുവേണ്ടി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. അവർ രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്കു അയയ്ക്കപ്പെടുന്ന സേവാകാത്മാക്കൾ ആണല്ലോ (എബ്രാ.2:4). അപ്പോസ്തലൻമാരെ കാരാഗൃഹത്തിൽ നിന്നു വിടുവിച്ചതും, ക്ഷീണിതനായ ഏലിയാവിനു അപ്പവും വെള്ളവും നല്കി ശക്തിപ്പെടുത്തിയതും ദൂതൻമാരായിരുന്നല്ലോ.

ദൈവത്തിന്റെ സേനയാണ് ദൂതൻമാർ. അവർ തന്റെ ജനത്തിനു വേണ്ടി പോരാട്ടം കഴിക്കുന്നവരാണ്. മീഖായേൽ എന്ന പ്രധാനദൂതന്റെ നേതൃത്വത്തിലാണ് ഈ സൈന്യം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ദാനിയേലിന്റെ പ്രാർത്ഥനയെ തടഞ്ഞ

പിശാചിനോടു പടവെട്ടിയതും, മോശെയുടെ ശരീരത്തിനുവേണ്ടി വാദിച്ചു പിശാചിനെ പരാജയപ്പെടുത്തിയതും മീഖായേൽ തന്നെയായിരുന്നു. (ദാനി.10:13). നമ്മുടെ വിശ്വാസം പൊയ്പോകാതെയും, പിശാചിനോടുള്ള പോരാട്ടത്തിൽ തളർന്നുപോകാതെയും നമ്മെ സഹായിക്കുവാൻ ദൂതൻമാരെ നല്കിയ ദൈവത്തോടു നാം എത്രമാത്രം നന്ദിയുള്ളവരായിരി ക്കണം.

നമ്മുടെ കർത്താവിന്റെ പുനരാഗമനത്തോടുള്ള ബന്ധത്തിൽ ദൂതൻമാരുടെ ശുശ്രൂഷകൾ പല സന്ദർഭങ്ങളിലായി തിരുവെഴുത്തിൽ നിന്നും നമുക്കു മനസ്സിലാക്കാൻ കഴിയും. 1തെസ്സ.4:16 ൽ കർത്താവു താൻ ഗംഭീരനാദത്തോടും, പ്രധാന ദൂതന്റെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടും കൂടി വരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. സഭയുടെ ഉദ്പ്രാപണത്തിൽ പ്രധാനദൂതന്റെ ശബ്ദം ഉണ്ടായിരിക്കും എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. കർത്താവിന്റെ ഗംഭീരനാദം മരിച്ചവരെ ഉയിർപ്പിക്കുന്നതും, ദൈവത്തിന്റെ കാഹളം സഭയെ കൂട്ടിച്ചേർക്കുന്നതിനുമുള്ളതാണ്. പ്രധാനദൂതന്റെ സാന്നിദ്ധ്യം പിശാചിനോട് പോരാടുവാനാണ് എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. മോശെയുടെ ശരീരത്തിനുവേണ്ടി വാദമുന്നയിച്ച പിശാച്, വിശുദ്ധൻമാർ കൂട്ടത്തോടെ ഉയിർത്തെഴുന്നേല്ക്കുമ്പോൾ അടങ്ങിയിരിക്കുമെന്നു വിചാരിപ്പാൻ ന്യായമില്ല. പാപമെന്ന വിഷം കുത്തിവെച്ച് മനുഷ്യനെ നിത്യമരണത്തിനു വിധേയനാക്കിയ പിശാച് ഇവിടെ ദയനീയമായി പരാജയപ്പെടുവാൻ പോകയാണ്. കർത്താവ് തന്റെ വിശുദ്ധൻമാരെ സാത്താന്റെ അധികാര പരിധിയിൽനിന്നും വിടുവിച്ച് കർത്തൃസവിധത്തിലെത്തിക്കുന്നു.

ഉദ്പ്രാപണാനന്തരം ഭൂമിയിൽ യാക്കോബിന്റെ കഷ്ടകാലം എന്നറിയപ്പെടുന്ന മഹാപീഡനം നടക്കും. ഈ കാലഘട്ടത്തിൽ ദൈവദൂതൻമാരുടെ ശുശ്രൂഷകൾ വെളിപ്പെടു പുസ്തകത്തിൽ പല സന്ദർഭങ്ങളിൽ കാണാം. സിംഹാസനസ്ഥന്റെ കയ്യിൽ ഇരിക്കുന്ന മുദ്രിതഗ്രന്ഥം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളൂ എന്ന് അത്യുച്ചത്തിൽ ഘോഷിപ്പിക്കുന്ന ശക്തനായ ഒരു ദൂതനെ യോഹന്നാൻ കാണുന്നു (വെളി.5:2). അതേതുടർന്ന് സിംഹാസനത്തിന്റെ ചുറ്റിലും ഏറിയ ദൂതൻമാരുടെ ശബ്ദം കേൾക്കാം. അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവുമായിരുന്നു. അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്ന് പറഞ്ഞ് കർത്താവിനെ ആരാധിക്കുന്നു. പിന്നീട് നൂറ്റിനാല്പത്തിനാലായിരം വിശുദ്ധൻമാരെ യിസ്രായേൽ ഗോത്രങ്ങളിൽനിന്ന് വേർതിരിക്കുന്നതിനോടുള്ള ബന്ധത്തിലും (വെളി.7:1) കാഹളങ്ങൾ ഊതുവാൻ നിയമിക്കപ്പെട്ട ഏഴുദൂതൻമാരെയും, ക്രോധകലശങ്ങളുടെ ന്യായവിധിയോടുള്ള ബന്ധത്തിൽ നിയമിക്കപ്പെട്ട ദൂതൻമാരെയും വെളിപ്പാട് എട്ടാമദ്ധ്യായത്തിലും പതിനഞ്ചാമദ്ധ്യായത്തിലുമായി നമുക്കു ദർശിക്കാം. അതു കൂടാതെ ഹർമ്മഗെദ്ദോൻ യുദ്ധത്തിലും (വെളി.19:17) പിശാചിനെ ആയിരമാണ്ടേക്കു അഗാധത്തിൽ ബന്ധിക്കുന്നതിലും (20:1 ദൂതൻമാരുടെ ശുശ്രൂഷ അനിവാര്യമാണ്.

കർത്താവിന്റെ മഹത്വപ്രത്യക്ഷതയോടുള്ള ബന്ധത്തിൽ ഭൂമിയുടെ നാലു അറുതികളിൽനിന്നും വിശുദ്ധൻമാരെ കൂട്ടിച്ചേർക്കുന്നതും, ലോകാവസാനത്തിൽ ദുഷ്ടൻമാരെയും നീതിമാൻമാരെയും തമ്മിൽ വേർതിരിച്ചു ദുഷ്ടൻമാരെ തീപ്പൊയ്കയിൽ തള്ളുന്നതും ദൂതൻമാരാണ്(മത്താ.24:31, 13:37 42) ഏഴു ക്രോധകലശങ്ങൾ ഉണ്ടായിരുന്ന ദൂതൻമാരിൽ ഒരുവൻ: വരിക കുഞ്ഞാടിന്റെ മണവാട്ടിയെ കാണിച്ചുതരാം എന്നു പറയുന്നതും, തുടർന്ന് യെരുശലേം എന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്നതും കാണുന്നു. അതിന് ഗോപുരങ്ങൾ പന്ത്രണ്ടും അതിന്റെ കാവൽ നില്ക്കുന്ന ദൂതൻമാർ പന്ത്രണ്ടും ആണ് (വെളി.21:12).

ഇരുപത്തി രണ്ടാം അദ്ധ്യായത്തിൽ മൂന്നുപ്രാവശ്യം ഇതാ ഞാൻ വേഗം വരുന്നു എന്ന സന്ദേശം നാം ശ്രവിക്കുന്നു. ഏതൊരു കാര്യം മൂന്നു പ്രാവശ്യം ആവർത്തിച്ചുവോ അത് ആ പ്രവചനത്തിന്റെ കൃത്യതയെ വ്യക്തമാക്കുന്നു. നാം എല്ലാവരും കാത്തിരിക്കുന്നത് കർത്താവിന്റെ പുനരാഗമനത്തിനുവേണ്ടിയാണ്. അതു കൃത്യസമയത്ത് സംഭവിക്കുമെന്നതിനു സംശയമില്ല. എണ്ണമറ്റ ദൂതസംഘത്തിന്റെ അകമ്പടിയോടെ വിശുദ്ധസഭയുടെ ഉദ്പ്രാപണം നടക്കും. നാം നിത്യം കർത്താവിനോടുകൂടെ വസിക്കും. നമ്മുടെ ഹൃദയം പ്രത്യാശയിൽ നിറയട്ടെ; കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ.

# ദൈവദൂതൻമാർ യേശുക്രിസ്തുവിന്റെ ജീവിതത്തിൽ



രാജേഷ് കോടങ്കര



യേശുക്രിസ്തുവിന്റെ ഭൂമിയിലെ ജനനത്തോടും ജീവിതത്തോടും ഉള്ള ബന്ധത്തിൽ ദൈവദൂതൻമാരുടെ പ്രത്യക്ഷത പല പ്രാവശ്യം തിരുവചനത്തിൽ കാണുവാൻ കഴിയും. പ്രവാചകൻമാരുടെ കാലഘട്ടത്തിൽ പല പ്രവാചകൻമാരും യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, മരണം ഇങ്ങനെ അനേകം പ്രവചനങ്ങൾ പ്രവചിച്ചത് കാണാൻ കഴിയും. തുടർന്ന് കാലസമ്പൂർണ്ണത വന്നപ്പോൾ യേശുക്രിസ്തുവിന്റെ ജനനം ആസന്നമായ സമയം ദൂതന്റെ പ്രത്യക്ഷത പ്രകടമായി. യേശുക്രിസ്തുവിന്റെ ജനനം തുടങ്ങി മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം വരെ ദൂതൻമാരുടെ പ്രത്യക്ഷത ഉണ്ടായി.

### I മറിയയ്ക്ക് ദൂതന്റെ പ്രത്യക്ഷത

ലൂക്കോ.1:26-33 ഈ വേദഭാഗത്ത് യോസേഫ് എന്ന പുരുഷന് വിവാഹം നിശ്ചയിച്ചിരുന്ന കന്യകയായ മറിയത്തിന് ഗബ്രിയേൽ എന്ന ദൈവദൂതൻ പ്രത്യക്ഷനാകുന്നു. തുടർന്ന് മറിയത്തിന്റെ ജീവിതത്തിൽ ഉണ്ടാകാൻ പോകുന്ന വലിയ അനുഗ്രഹത്തെക്കുറിച്ച് അറിയിക്കുന്നു. ദൈവത്തിന്റെ കൃപ മറിയയ്ക്ക് ലഭിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവൻ വലിയവനാകും. ദാവീദിന്റെ സിംഹാസനം യേശുവിന് കൊടുക്കും. എന്നേക്കും യാക്കോബ് ഗൃഹത്തിന് രാജാവായിരിക്കും. യേശുക്രിസ്തുവിന്റെ രാജത്വത്തിന് അവസാനമില്ല എന്നിങ്ങനെയുള്ള ഉറപ്പുകൾ ദൂതൻ മറിയയ്ക്ക് കൊടുക്കുന്നു.

### II യോസേഫിന് ദൂതന്റെ പ്രത്യക്ഷത

മത്താ.1:18-21 നീതിമാനായി ജീവിച്ച യോസേഫ് തന്റെ വിവാഹപ്രായമായപ്പോൾ വിവാഹത്തിന് ആലോചിക്കുകയും മറിയ എന്ന യുവതിയെ വിവാഹനിശ്ചയം ചെയ്യുകയും, കുറെനാൾ കഴിഞ്ഞ്, ആ യുവതി ഗർഭിണി ആയിരിക്കയും ചെയ്യുന്നു എന്ന് അറിഞ്ഞപ്പോൾ രഹസ്യമായി യോസേഫ് മറിയയെ ഉപേക്ഷിക്കുവാൻ തീരുമാനിക്കുന്നു. ഈ സമയത്താണ് ദൂതന്റെ രണ്ടാമത്തെ പ്രത്യക്ഷത ഉണ്ടാകുന്നത്. ദൂതന്റെ പേര് എന്ത് എന്ന് ഈ വേദഭാഗത്ത് പറയുന്നില്ല. എങ്കിലും, ന്യായമായി അനുമാനിക്കാം മറിയയ്ക്ക് പ്രത്യക്ഷനായ ഗബ്രിയേൽ ദൂതൻ തന്നെയെന്ന്, മറിയയുടെ ജീവിതത്തിൽ തനിക്ക് ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളും തുടർന്ന് യോസേഫ് ചെയ്യേണ്ടതായ കാര്യങ്ങളും ക്രമമായി സ്വപ്നത്തിൽ വെളിപ്പെടുത്തിക്കൊടുക്കുന്നു. മറിയ ഗർഭിണി ആയത് പരിശുദ്ധാത്മാവിനാൽ ആണെന്ന സത്യം അറിയിക്കുന്നു. ജനിക്കുന്നത് ആൺകുഞ്ഞായിരിക്കും. യേശു എന്ന് പേർ ഇടേണം. യേശുവിന്റെ പ്രത്യേകതയും പറയുന്നു. ജനത്തിന്റെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്ന രക്ഷിതാവാണ് മറിയയിൽ ഉരുവായിരിക്കുന്നത്. മറിയയെ ചേർത്തുകൊള്ളേണം എന്നും ദൂതൻ കല്പിക്കുന്നു.

### III യേശുക്രിസ്തുവിന്റെ ജനനത്തോടുള്ള ബന്ധത്തിൽ ദൂതന്റെ പ്രത്യക്ഷത

ലൂക്കോ.2:8-14. യോസേഫും മറിയയും ഗലീലയിലെ നസറേത്ത് പട്ടണം വിട്ട് യെഹൂദ്യയിലെ ബെത്‌ലഹേമിൽ വന്നു പാർക്കുന്ന കാലത്ത് ദൈവത്തിന്റെ സമയം ആയപ്പോൾ മറിയ യേശു എന്ന പൈതലിന് ജൻമം നൽകി. യോസേഫിനും മറിയയ്ക്കും ബെത്‌ലഹേമിൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർ ആയിരുന്നതിനാൽ, പൈതലിനെ ശീലകൾ ചുറ്റി വഴി അമ്പലത്തിൽ സ്ഥലം ഇല്ലാത്തതുകൊണ്ട് പശുത്തൊട്ടിയിൽ കിടത്തി. എന്നാൽ ആ

പ്രദേശവാസികൾ ആരുംതന്നെ ഇങ്ങനെ മറിയ ഒരു കുഞ്ഞിന് ജൻമം നൽകിയ കാര്യം അറിയുന്നില്ല. ഈ സമയം, ആ പ്രദേശത്ത് ആട്ടിടയൻമാർ ആടുകളെ കാവൽകാത്ത് വെളിമ്പ്രദേശത്ത് കിടക്കുകയായിരുന്നു. അത്ഭുതകരമായ ഒരു തേജസ്സ് ചുറ്റിമിന്നി. ഈ കാഴ്ച കണ്ട ഇടയൻമാർ ഭയപ്പെട്ട് ഇതെന്തായിരിക്കുമെന്ന് തമ്മിൽ തമ്മിൽ പറയുന്ന സമയം ഒരു ദൂതൻ പ്രത്യക്ഷമാകുന്നു. ഉടൻ തന്നെ ദൂതന്റെ സന്ദേശം വരുന്നു. "ഭയപ്പെടേണ്ട, സർവ്വജനത്തെയും രക്ഷിക്കുന്ന രക്ഷിതാവ് ദാവീദിന്റെ പട്ടണത്തിൽ ജനിച്ചിരിക്കുന്നു." ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെ നിങ്ങൾക്ക് കാണാം എന്നിങ്ങനെ ഇടയൻമാർക്ക് ഒരു അടയാളവും കൊടുത്തു. അങ്ങനെ ആദ്യമായി ലോകത്തോട് സുവിശേഷസന്ദേശം നൽകി. തുടർന്ന്, ആ ദൂതനോട് ചേർന്ന് ഒരു സംഘം ദൂതൻമാർ ലോകരക്ഷിതാവായി പിറന്നുവീണ ചോരക്കുഞ്ഞിനെ പുകഴ്ത്തി. തുടർന്ന് ദൂതൻമാർ സ്വർഗ്ഗത്തിലേക്ക് പോയി. അങ്ങനെ ഏറ്റവും സാധാരണയായ ആട്ടിടയൻമാർക്ക് യേശുക്രിസ്തുവിനെ ആദ്യമായി കാണുവാനും മഹത്വപ്പെടുത്തുവാനും സാധിച്ചു.

### IV യേശുക്രിസ്തുവിനെ ശക്തിപ്പെടുത്തുവാൻ ദൂതന്റെ പ്രത്യക്ഷത

ലൂക്കോ.22:43 യേശുക്രിസ്തുവിന്റെ ഈ ലോകജീവിതത്തോടുള്ള ബന്ധത്തിൽ അവസാന മണിക്കൂറുകളിലേക്ക് എത്തി. ഇനി അൽപസമയത്തിനകം പടയാളികളാൽ പിടിക്കപ്പെടും. ആ സമയത്തുള്ള യേശുവിന്റെ പ്രാർത്ഥനയാണ് ഇവിടത്തെ വിഷയം. യേശുക്രിസ്തുവിൽ നിന്നും ദൈവമഹത്വം മാറി. സമ്പൂർണ്ണ മനുഷ്യനായിത്തീരുന്നു. ലോകമനുഷ്യന്റെ പാപത്തിന്റെ പ്രായശ്ചിത്ത മരണം ആസന്നമായ സമയം. യേശു മനുഷ്യനെന്ന നിലയിൽ ക്ഷീണിതനായിത്തീരുന്നു. പ്രാണവേദനയിൽ പിതാവിനോട് പ്രാർത്ഥിക്കുന്ന സമയം(മർക്കോ.14:33,34) ഈ വാക്യങ്ങളിൽ വിവരിക്കുന്നത് നോക്കുക. യേശുക്രിസ്തു ബലഹീന അവസ്ഥയിലായി. ആ സമയത്താണ് ഒരു ദൂതൻ യേശുവിനെ ശക്തിപ്പെടുത്തുവാൻ ഗതസമന തോട്ടത്തിൽ വരുന്നത്.

### V. യേശുക്രിസ്തുവിന്റെ ഉയിർപ്പിൽ ദൂതന്റെ സാന്നിദ്ധ്യം.

മത്താ.28:2 യെഹൂദൻമാരുടെ മര്യാദപ്രകാരം യേശുവിന്റെ ശരീരം മാന്യമായ രീതിയിൽ അടക്കം ചെയ്തു. എന്നാൽ, യേശുക്രിസ്തു ഉയിർക്കണം. മനുഷ്യൻ എന്ന നിലയിൽ മരിക്കയും ദൈവം എന്ന നിലയിൽ ഉയിർക്കയും വേണം. ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം രാവിലെ രണ്ട് സഹോദരിമാർ യേശുക്രിസ്തുവിന്റെ കല്ലറ കാണുവാൻ കല്ലറയുടെ അടുക്കൽ വരുന്നു. അവരെ അത്ഭുതപ്പെടുത്തിയ കാഴ്ച സ്വർഗ്ഗത്തിൽനിന്നും ദൂതൻ ഇറങ്ങിവന്ന് കല്ലറയുടെ വാതിൽ അടച്ചുവച്ചിരുന്ന കല്ല് ഉരുട്ടി നീക്കി അകത്തിരിക്കുന്നതാണ് കണ്ടത്. ഈ കാഴ്ച കണ്ട് ഭയപ്പെട്ട സ്ത്രീകളോട് യേശുക്രിസ്തു ജീവിച്ചിരുന്നപ്പോൾ താൻ പറഞ്ഞിരുന്നതുപോലെ ഉയിർത്തെഴുന്നേൽക്കും എന്നുള്ള സത്യം അവരെ അറിയിച്ചു(മത്താ.28:5,6). അങ്ങനെ യേശുവി ന്റെ ഉയിർപ്പിനോട് ബന്ധപ്പെട്ട് ദൂതൻ 2 കാര്യം ചെയ്തു. കല്ല് ഉരുട്ടിമാറ്റി കല്ലറ തുറന്നു, യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നുള്ളത് വ്യക്തമായി അവരെ അറിയിക്കുന്നു.

### VI. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിൽ ദൂതൻമാരുടെ പ്രത്യക്ഷത.

അപ്പോ.പ്ര.1:10,11 ഉയിർത്തെഴുന്നേറ്റ ക്രിസ്തു 40 ദിവസം പലർക്കും പലനിലയിൽ പ്രത്യക്ഷനായി. സ്വർഗ്ഗാരോഹണ സമയം ആയപ്പോൾ ശിഷ്യൻമാർ നോക്കിനിൽക്കെ, സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നു. ആ കാഴ്ച നോക്കിനിൽക്കുന്ന ശിഷ്യഗണത്തോട് മനുഷ്യരൂപത്തിൽ 2 ദൂതൻമാർ വന്ന്, നോക്കിനിൽക്കുന്നവർക്ക് സന്തോഷം പകരുന്ന സന്ദേശം അറിയിക്കുന്നു. യേശു പോയതുപോലെ വീണ്ടും വരും. ഈ സന്ദേശം കേട്ടവർ മഹാസന്തോഷത്തോടെ ഒലിവ് മല വിട്ട് യെരുശലേമിലേക്ക് പോയി. ആ നാൾ മുതൽ യേശുക്രിസ്തുവിന്റെ വീണ്ടും വരവിനെ നോക്കി ക്രിസ്തു ഭക്തൻമാർ കഴിയുന്നു. യേശുക്രിസ്തുവിന്റെ ജനനത്തോട് ദൂതന്റെ സന്ദേശം "സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം യേശു എന്ന രക്ഷിതാവ് നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" എന്നും, യേശുവിന്റെ സ്വർഗ്ഗാരോഹണത്തിൽ "ക്രിസ്തു പോയതുപോലെ വീണ്ടും വരും" എന്നുള്ളതുമാണ് ലോകത്തോട് അറിയിക്കുന്നത്. പാപവും ശാപവും നിറഞ്ഞ ലോകജീവിതത്തിൽ നിന്നും നമ്മെ ചേർക്കുവാൻ വരുന്ന കർത്താവിനെ നോക്കി വിശുദ്ധിയോടെ ജീവിക്കാം. നമ്മുടെ പ്രത്യാശയെ പുതുക്കാം. കർത്താവ് വരും. നമ്മെ ചേർക്കും. നിശ്ചയം. താമസിക്കയുമില്ല.

SV

ഗോഡ്‌ലി പി.എസ്
ബഹ്റൈൻ



# ആധുനിക ഡിജിറ്റൽ യുഗത്തിൽ ദൂതന്മാർ യാഥാർഥ്യമോ

ദൃശ്യവും അദൃശ്യവുമായവയുടെ സങ്കേതവും ആവാസ സ്ഥാനവുമാണ് ഭൂമി എന്ന് പൊതുവെ മനുഷ്യൻ അംഗീകരിക്കുന്നെങ്കിലും അദൃശ്യമായവയുടെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്നത് പരമ സത്യവുമാണ്. തദ്വാര ലോകൈക ബുദ്ധി ജീവികളെല്ലാം പല രീതിയിൽ അദൃശ്യമായ വിഷയങ്ങളിൽ അഭിപ്രായങ്ങളും തങ്ങളുടെ നിരൂപണങ്ങളും തത്വാവിഷ്കാരങ്ങളും അവലംബിച്ചിട്ടുണ്ട്. അദൃശ്യമായ വിഷയങ്ങളുടെ നീണ്ട നിരയിലുള്ള പട്ടിക നിരത്തി പ്രസ്താവിക്കേണ്ടതില്ലല്ലോ. ആയതിനാൽ അദൃശ്യമായ വിഷയങ്ങളിൽ വരുന്ന ഒരു വിഭാഗത്തെ കുറിച്ച്, അവയുടെ അസ്തിത്വത്തിന്റെ സത്യസന്ധത വെളിപ്പെടുത്തുകയാണ് ഈ ലേഖന ഉദ്ദേശ്യം. ദൈവിക പ്രകൃതിയിൽ തുലനം നിൽക്കുന്നതും മാനുഷ രൂപത്തിൽ നിന്നും വ്യത്യസ്തത പുലർത്തുന്നതുമായ പ്രത്യേക തരം ദൈവിക സൃഷ്ടികളാണ് ദൂതന്മാർ എന്ന് ലോകൈക വിശ്വാസ സമൂഹം സമ്മതിക്കുന്നു. അതിൽ പ്രഥമ സ്ഥാനവും കൂടുതൽ പ്രതിപാദന സംവാദന സംഭവങ്ങളും ചരിത്രത്തിൽ സംഭവിച്ച രീതിയിൽ വർണ്ണിക്കുന്നത് വിശുദ്ധ വേദപുസ്തകമാണ്.

പുരോഹിതനും തത്വജ്ഞാനിയും വേദ ശാസ്ത്ര പണ്ഡിതനുമായ തോമസ് അക്വിനാസ് തന്റെ പല കൃതികളിലും പരിമിതവും പൂർണ്ണമായതും ആത്മീയവുമായ ജീവികളുടെ നിലനിൽപ്പിന് ആകർഷകമായ ചില ദാർശനിക വാദങ്ങൾ രൂപപ്പെടുത്തുന്നു. ഈ ജീവികളെ 'പ്രത്യേക പദാർത്ഥങ്ങൾ' എന്ന് വിളിക്കുന്നു.

കാരണം നിർവചനം അനുസരിച്ച് അവ ഭൗതിക ഘടനയില്ലാത്തതാണ്. സാധാരണയായി അവരെ 'ദൂതന്മാർ' എന്ന ഗ്രീക്ക് പദോൽപ്പത്തിയുടെ ഒരു പദമായ 'സന്ദേശ വാഹകന്മാർ' എന്ന് വിളിക്കപ്പെടുന്നു. അക്വിനാസിന്റ ദാർശനിക മാലാഖശാസ്ത്രത്തിലെ അസ്തിത്വവാദത്തിന്റെ ചില പ്രധാന വരികളിൽ ആദ്യത്തേത് 'ആത്മീയവും ഭൗതികവുമായ ഡൊമെയ്നുകൾ തമ്മിലുള്ള ബന്ധബിന്ദുവിന്റെ പദവി അദ്വിതീയമായി കൈവശം വയ്ക്കുന്നത് മനുഷ്യനാണെന്നതിനാൽ, പ്രപഞ്ചത്തിന്റെ ക്രമമായ ഘടനയ്ക്ക് അനുസൃതമായി, ഗോവണിയിൽ മാനവികതയെക്കാൾ ശ്രേഷ്ഠ



മായ തികച്ചും വ്യത്യസ്തമായ ബുദ്ധിശക്തികളുടെ ഒരു ക്ലാസ് ഉണ്ടായിരിക്കണം. സൃഷ്ടികളെ അവയുടെ സ്രഷ്ടാവിലേക്കുള്ള ഏകദേശ സ്കെയിലിനൊപ്പം, മനുഷ്യവർഗത്തിനും ദൈവത്തിനും ഇടയിലുള്ള ഒരു ഉദ്ബോധനപരമായ ശൂന്യത വെറുപ്പുളവാക്കുന്നതാണ്: പ്രകൃതിയിൽ ദൈവിക സത്തയോട് അടുത്ത് ഇടത്തരം ഗ്രേഡേഷനുകൾ ഉണ്ടായിരിക്കുന്നത് ഏറ്റവും ഉചിതമാണ്, അതിനാൽ കേവലം ആത്മീയമാണ്.[1]

അരിസ്റ്റോട്ടിലിയനിസം തന്റെ മെറ്റാഫിസിക്സിൽ വിശദീകരിക്കുന്നതുപോലെ, പദാർത്ഥം 'എല്ലാ വിധത്തിലും (അസ്തിത്വത്തിലായാലും, നിർവചനത്തിലായാലും, സമയത്തിലായാലും) മറ്റ് വിഭാഗങ്ങൾക്ക് മുമ്പാണ്. അതിനാൽ, ചില (ശരീരം) പദാർത്ഥങ്ങളിൽ സ്വാഭാവികമായ അന്തർലീനമായില്ലെങ്കിൽ അളവിന്റെ അപകടം നിലനിൽക്കില്ലെങ്കിലും, പദാർത്ഥത്തിന് സൈദ്ധാന്തികമായി ഡൈമൻസീവ് എക്സ്റ്റൻഷനുള്ള അഭിരുചിയിൽ നിന്ന് മുക്തമായി നിലനിൽക്കാൻ കഴിയും. അതുപോലെ, ഏതെങ്കിലും രൂപത്തിൽ അല്ലാതെ ദ്രവ്യം നിലനിൽക്കില്ലെങ്കിലും, 'രൂപം ദ്രവ്യത്തെ ആശ്രയിക്കുന്നില്ല.' അതിനാൽ, രൂപത്തിന്റെ ആക്സിയോമാറ്റിക് മേന്മയിൽ നിന്ന് ദ്രവ്യത്തിലേക്കുള്ള വേർതിരിവ് മാനദണ്ഡം, രൂപത്തിന് അസ്തിത്വപരമായി ദ്രവ്യത്തിൽ നിന്ന് സ്വതന്ത്രമായ സിദ്ധാന്തത്തിലേക്ക് ഒരു കുറവ് വരുത്തി. തൽഫലമായി, മൂർത്തീഭാവത്തെ പൂർണ്ണമായും മറികടക്കുന്ന സ്വഭാവമുള്ള രൂപങ്ങൾ ഉണ്ടായിരിക്കുന്നത് തികച്ചും ഉചിതമാണ്. അങ്ങനെയുള്ള അസ്തിത്വങ്ങൾ പ്രപഞ്ചത്തിൽ രൂപം രൂപപ്പെടുത്തുന്നു, ഭൗതികതയുടെ പരിധികളാൽ അവ അനിയന്ത്രിതമാകത്തക്കവിധം തികഞ്ഞവയാണ്. അതിനാൽ, ഏറ്റവും ഉദാത്തമായ ഒരു കൂട്ടം സൃഷ്ടികൾ (ദൈവത്തിന്റെ ശുദ്ധമായ യാഥാർത്ഥ്യത്തോട് ഏറ്റവും അടുത്തുള്ളവ) അടിസ്ഥാനപരമായി നിലനിൽക്കുന്ന രൂപങ്ങളാണ്.[2]

ഇങ്ങനെ നിരവധി തത്വജ്ഞാനികളും തങ്ങളുടെ കുറിപ്പുകളിൽ ദൈവിക സത്തയുള്ളതും മനുഷ്യ ദൃഷ്ടിക്ക് പൊതുവെ അഗോചരവുമായ ദൂത ഗണത്തെ അംഗീകരിക്കുന്നു. അവരെ പോലുള്ള മഹാരഥന്മാർ അംഗീകരിക്കുന്ന സത്യവും അവയേക്കാളുപരി ദൈവ നിശ്വാസീയമായ വേദപുസ്തക പ്രതിപാദനവും കൂട്ടി വായിച്ചാൽ ദൂതന്മാരുടെ അസ്തിത്വത്തെ ചോദ്യം ചെയ്യാവുന്നതല്ല.

### ദൈവാസ്ഥികൃം അംഗീകരിച്ചാൽ ദൂതാസ്ഥികൃവും നിസ്സാരമാണ്

അനന്തമായ ആത്മാവ് അർത്ഥാൽ ദൈവം എന്ന വിശേഷണത്തിന്റെ അസ്തിത്വത്തിൽ സംശയമില്ലെങ്കിൽ, മാലാഖമാർ എന്ന രൂപിയും നിലവിലുണ്ട് എന്നത് അനിഷേദ്ധ്യം അംഗീകരിക്കാവുന്നതാണ്. ഇവ രണ്ടും അഗോചരവും മാനുഷിക അളവുകൾക്ക് അപ്രാപ്യവുമാണ്. എന്നാൽ അവയുടെ ജീവനത്തിന്റെയും പ്രവർത്തന മേഖലയുടെയും പാദപടികൾ മാറ്റിവെക്കാൻ കഴിയുന്നതല്ല.

### മനുഷ്യോല്പത്തി അംഗീകരിച്ചാൽ ദൂതോല്പാത്തി അംഗീകരിക്കണം

ദ്രവ്യത്തിന് സ്വന്തമായി നിലകൊള്ളാൻ കഴിയില്ല. അതിന് മൂല്യം നൽകുന്നത് ആത്മാവാണ്. ആത്മാവ് ദ്രവ്യത്തിൽ വരുമ്പോൾ അതിനു ജീവൻ വരുന്നു. ഇവിടെ യജമാനൻ ആത്മാവും ദാസൻ ദ്രവ്യവുമാണ്(ശരീരം). അവയുടെ സമ്മിശ്ര സമ്മേളനം എന്ന സത്യം ജീവിതമാണ്. ജീവന്റെ സാരാംശം ആത്മാവാണ്. ഇപ്രകാരം അദൃശ്യമായ ആത്മാവിന്റെ നിലനിൽപ് അംഗീകരിക്കുകയാണെങ്കിൽ അതിനു സമാനതയുള്ള ആത്മ സ്വരൂപവും അദൃശ്യവുമായ ദൂതന്മാരും ഒരു യാഥാർത്ഥ്യമാണ്.

### സൂക്ഷ്മ ജീവികൾ ഐതിഹ്യമല്ലെങ്കിൽ ദൂതന്മാരും

സൂക്ഷ്മജീവികൾക്ക് വളരെ മേന്മയുള്ള ഇന്ദ്രിയങ്ങളുണ്ട്. അവ വളരെ മേന്മയുള്ളതും കൃത്യവുമായ ഇന്ദ്രിയങ്ങളാണ്. അവയ്ക്ക് സ്വർഗ്ഗത്തിന്റെ ശബ്ദം കേൾക്കാനും അവയുടെ ഉപജീവനമാർഗം കാണാനും കഴിയും. ഇവയുടെ ആ മനോഭാവം കാണിക്കുന്നത് ദ്രവ്യം ചെറുതാകുന്തോറും അതിന്റെ ജീവിതത്തിന്റെ സൂചകങ്ങളും അടയാളങ്ങളും ഫലങ്ങളും വർദ്ധിക്കുന്നു എന്നാണ്. നഗ്ന നേത്രങ്ങൾക്ക് അദൃശ്യമായ സൂക്ഷ്മ ജീവികൾ ശാസ്ത്ര സമൂഹവും മറ്റും അംഗീകരിക്കുമ്പോൾ ബഹുവിധ രീതിയിൽ തിരുവചന സംഭവങ്ങളിൽ കാണപ്പെടുന്ന ദൂതന്മാരുടെ ശാസ്ത്രവും സങ്കോചം കൂടാതെ അംഗീകരിക്കേണ്ടി വരും.

## വീണുപോയ ദൂതന്മാരും ആധുനിക ശാസ്ത്രവും

ബൈബിൾ പറയുന്ന ദൂതന്മാരുടെ പട്ടികയിൽ ദൈവത്തോടു അനുസരണക്കേട് കാണിച്ച വീണുപോയ ദൂതന്മാരെ കുറിച്ചും പറയുന്നുണ്ട്. ആ വീണുപോയ ദൂതന്മാർ ആധുനിക ശാസ്ത്രവും അവയുടെ സത്യാവസ്ഥയെ വെളിപ്പെടുത്തുമാറ് ലോകരാജ്യങ്ങൾ അവകാശപ്പെടുന്നുണ്ട്. അജണ്ടാ 2030 എന്ന പേരിൽ ഒരു ആഗോള ഭരണകൂടവും ആഗോള മതവും സ്ഥാപിക്കണമെന്നുള്ള തീരുമാനം യു എൻ ഒ അംഗീകരിച്ചിട്ടുണ്ട്. ഉല്പത്തി 6:2 'ദൈവത്തിന്റെ പുത്രന്മാർ (വീണുപോയ ദൂതന്മാർ ) മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യം ഉള്ളവരെന്നു കണ്ടിട്ടു തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു.' എന്ന് കാണുന്നു. അവരിൽ നിന്നുമാണ് 'പുരാതനകാലത്തെ വീരന്മാർ കീർത്തിപ്പെട്ട പുരുഷന്മാർ തന്നെ.' (ഉല്പത്തി 6:6) ഉദയം ചെയ്തത്. ബൈബിളിൽ കാണുന്ന അനാക്യമല്ലന്മാർ, ദാവീദിനോടു പടവെട്ടിയ ഗോലിയാത്ത്, ഹൈന്ദവ പുരാണങ്ങളിലെ പഞ്ചപാണ്ഡവന്മാർ, അതികായനായിരുന്ന ഭീമൻ, ഇവരെല്ലാം ഒരേ വർഗ്ഗം തന്നെയെന്ന് കണക്കാക്കപ്പെടുന്നു(ഉല്പത്തി 6:2 ലെ Giants മൂലഭാഷയിൽ Nephilim എന്നാകുന്നു. (Nephilim=fallen angels=വീണു പോയ ദൂതന്മാർ). അങ്ങനെ ഒരു വർഗ്ഗ സമൂഹം എവിടെയൊക്കെയോ നിലനില്പുണ്ടെങ്കിലും അതോടൊപ്പം അന്ത്യകാലത്ത് ഈ ലോകത്തിന്റെ പ്രഭുവും അന്ധകാര ശക്തികളും മൂന്നാം ലോകമഹായുദ്ധത്തിനായുള്ള ആക്കം കൂട്ടുന്നുണ്ട്.

കഴിഞ്ഞ ചില വർഷങ്ങൾക്ക് മുൻപ് റഷ്യൻ അധീനതയിലുള്ള സൈബീരിയൻ വനാന്തരങ്ങളിൽ പ്രത്യക്ഷപെട്ട അറുതി അറ്റ അഗാധകൂപങ്ങൾ(sinkholes) യാതൊരു വിധമായ മാനുഷീക ഉപകരണങ്ങളും ചെന്നെത്താൻ കഴിയാത്ത ഉൾപ്രദേശങ്ങളിൽ അത്യാധുനികമായ വിധം പണി കഴിപ്പിച്ച രീതിയിൽ കണ്ടെത്തി. ഇവയുടെ ആഴങ്ങളിൽ ചെന്നെത്താനോ അവ എത്ര ആഴത്തിലുള്ളതെന്ന് കണ്ടെത്താനോ റഷ്യൻ ഗവേഷകന്മാർക്കു കഴിഞ്ഞിട്ടില്ല. എന്നാൽ സമീപനാളുകളിൽ ദിഗ:ന്ധം പിളർക്കുന്ന ഉഗ്രൻ ശബ്ദത്തോടെ ഈ അധോലോകഗുഹകളിൽ നിന്നും വെളിയിൽ വന്ന പറക്കുന്ന വാഹനങ്ങൾ മിന്നൽ പോലെ ക്ഷണനേരത്തിനുള്ളിൽ വായുവിൽ മറയുന്നു!! അന്ധകാര ശക്തികളുടെ ആവാസത്തെയും ബൈബിൾ പറയുന്ന ദൂത ശാസ്ത്രത്തെയും സത്യമെന്ന് തെളിയിക്കുന്നതാണ് ഇത്തരം തെളിവുകൾ. അപ്പൊസ്തലനായ യോഹന്നാൻ എഴുതി: "സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു."(1 യോഹന്നാൻ 5:19).

മേല്പറഞ്ഞവ ദൂതന്മാരുടെ അസ്തിത്വം വ്യക്തമാക്കുന്നതിനാൽ ക്രൈസ്തവ ദൂത പ്രബോധനം അംഗീകാര യോഗ്യമാണ്. ദൂതന്മാർ ബുദ്ധിശക്തി ഉള്ളവർ (മത്തായി.8:29; 2കൊരിന്ത്യാർ.11:3, 1പത്രോസ്.1:12). വികാരങ്ങൾ കാണിക്കുന്നവർ (ലൂക്കോസ്.2:13; യാക്കോബ്.2:19; വെളിപ്പാട്.12:17). സ്വയമായി തീരുമാനങ്ങൾ എടുക്കുവാൻ ശക്തിയുള്ളവരുമാണ് (ലൂക്കോസ്.8:2931; 2തിമോത്തിയോസ്.2:26; യൂദാ 6). ദൂതന്മാർ ശരീരം ഇല്ലാത്ത ആത്മീയ ജീവികളാണ് (എബ്രായർ.1:14). ദൂതന്മാർക്ക് ശരീരം ഇല്ലെങ്കിലും വ്യക്തിത്വം ഉള്ളവരാണ്.

മനുഷ്യന് അഗോചരമെങ്കിലും തന്റെ പ്രവർത്തനമണ്ഡലങ്ങളിൽ നിറഞ്ഞു ചരിത്രത്തിൽ സാന്നിദ്ധ്യം ഉറപ്പിച്ചു നിൽക്കുന്ന ദൂത സമൂഹം എന്നതും ദൂത ശാസ്ത്രവും സത്യസന്ധവും അനിഷേധ്യവുമാണ്.

Note:


1. Summa Contra Gentiles (hereafter SCG) II, trans. English Domincan Fathers (London: Burns, Oates, & Wash-bourne, 1923), c. 68[4] and c. 91[4]. Cf. On Spiritual Creature (henceforth DSC, trans. Mary FitzPatrick and John Well-muth (Milwaukee: Marquette University Press, 1949), c. 91[7]. Cf. DSC, q. 1, a. 5, c (primo).
2. SGC III, trans. Vernon Bourke (Notre Dame, IN: University of Notre Dame Press, 1975), c. 97[6]. Cf. On Being and Essence (hereafter DEE), trans. Armand Maurer (Toronto: Pontifical Institute of Medieval Studies, 1986)

സങ്കീർത്തനം 51

ധ്യാനചിന്ത

# “സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ”





**ഡോ.മാത്യു വർഗ്ഗീസ്**
**നാഗ്പൂർ**

“**ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു.** ” എന്ന ഞെട്ടിപ്പിക്കുന്ന ഒരു പ്രസ്താവനയാണ് 5-ാം വാക്യത്തിൽ ദാവീദു നടത്തുന്നത്; യിശ്ശായിയുടെ ഭാര്യ ഒരു ദുർന്നടപ്പുകാരിയായിരുന്നോ എന്ന് വായനക്കാരൻ പരിഭ്രമിച്ചുപോകാനിടയുള്ള ഒരു പ്രസ്താവന. എന്നാൽ ഏദൻ തോട്ടത്തിലേക്കാണ് താൻ വിരൽ ചൂണ്ടുന്നത്; മാനവരാശിയുടെ മുഴുവൻ മാതാവായവളിലേക്കും!

ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും മെനയപ്പെട്ട മനുഷ്യൻ പാപത്തിൽ നിപതിച്ചു ദൈവസംസർഗ്ഗം നഷ്ടമാക്കിയതിനു ശേഷം യുക്തിബോധംകൊണ്ട് യാതൊരു പ്രയോജനവും ഇല്ലാതെ അവരുടെ വിവേകശൂന്യമായ ഹൃദയം ഇരുളടഞ്ഞു പോയി.

‘നികൃഷ്ടബുദ്ധിയിൽ ഏല്പിക്കപ്പെട്ട’(റോമർ.1:28) ഏതുമനുഷ്യന്റെയും അവസ്ഥ ഇതാണ്, രാജാവായിക്കൊള്ളട്ടെ, യാചകനായിക്കൊള്ളട്ടെ; പണ്ഡിതനായിക്കൊള്ളട്ടെ, പാമരനായിക്കൊള്ളട്ടെ! ‘ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു’ എന്നും നാം വായിക്കുന്നു (റോമർ.5:12)

സർവ്വവും ആരുടെ കണ്ണുകൾക്കുമുന്നിൽ അനാച്ഛാദിതമായിരിക്കുന്നുവോ, ആ ദൈവത്തോടു സത്യം മാത്രമേ പറയാവൂ എന്നതുകൊണ്ടു മാത്രമല്ല ‘അന്തരാത്മാവിലെ സത്യമാണല്ലോ അവിടന്ന് അഭിലഷിക്കുന്നത് ’(ഈ സങ്കീർത്തനത്തിന്റെ 6-ാം വാക്യം) എന്നതു കൊണ്ടു കൂടിയാണ് തന്റെ യഥാർത്ഥ അവസ്ഥ ദാവീദ് ദൈവസന്നിധിയിൽ വ്യക്തമാക്കുന്നത്. അതു നിമിത്തം എല്ലാ കളങ്കങ്ങളിൽ നിന്നും കഴുകപ്പെട്ടവനായി, നീതീകരിക്കപ്പെട്ടവനായി മുന്നോട്ടുപോയി രാജധർമ്മം നിറവേറ്റുവാൻ ദാവീദിനു കഴിഞ്ഞു.

പാപക്ഷമ പ്രാപിക്കുമ്പോൾ തൽക്ഷണം ഉണ്ടാകുന്ന അനുഭവമാണ് സന്തോഷം. അസ്ഥികളും തകർന്നുപോകുന്ന അനുഭവമാണ് പാപം സമ്മാനിക്കുന്നത്. പരിഹരിക്കപ്പെടാതെ കിടക്കുന്ന പാപമാണ് അനേക ശാരീരികപീഡകളുടെയും അടിസ്ഥാനം എന്നത് സുവിദിതമാണല്ലോ. പക്ഷാഘാതം ബാധിച്ചയാളോട് യേശുകർത്താവ് ‘നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു’ എന്നു പറഞ്ഞപ്പോൾ അവിടെ കൂടിയിരുന്ന വേദപണ്ഡിതരുടെ നെറ്റിചുളിഞ്ഞ കഥ നമുക്കറിയാം (മർക്കൊസ് 2:6 കാണുക). പാപം മാനസികവേദന മാത്രമല്ല ശാരീരികരോഗങ്ങൾക്കും കാരണമാകാമെന്നു ദാവീദ് നന്നായി അറിഞ്ഞിരുന്നു.

‘ഞാൻ എന്റെ പാപം ഏറ്റുപറയാതെ, ദിവസംമുഴുവനും ഞരങ്ങിക്കരയുകമൂലം എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി.’ (സങ്കീ 32:3)

‘അവിടത്തെ ക്രോധത്താൽ എന്റെ ശരീരത്തിൽ ആരോഗ്യം അവശേഷിച്ചിട്ടില്ല. എന്റെ പാപംനിമിത്തം എന്റെ അസ്ഥികളുടെ ബലം നശിച്ചിരിക്കുന്നു. ’(38:3)

‘ഞാൻ വായ് തുറക്കാതെ മൗനമായിരുന്നു, കാരണം അവിടന്നാണല്ലോ ഇങ്ങനെയെല്ലാം ചെയ്തത്. അവിടത്തെ ശിക്ഷാദണ്ഡ് എന്നിൽനിന്നു നീക്കണമേ; അവിടത്തെ കൈകളുടെ പ്രഹരത്താൽ ഞാൻ ക്ഷയിച്ചിരിക്കുന്നു.’ (39:9,10).

51:10-11 വളരെ ശ്രദ്ധേയമാണ്: 'ദൈവമേ, നിർമലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ, അചഞ്ചലമായ ഒരാത്മാവിനെ എന്നിൽ പുതുക്കണമേ. അവിടത്തെ സന്നിധാനത്തിൽനിന്ന് എന്നെ പുറന്തള്ളുകയോ അവിടത്തെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുത്തുകളയുകയോ അരുതേ.'

തന്റെ മുൻഗാമിയായിരുന്ന ശൌലിന്റെ അനുഭവം സ്വന്തം കണ്ണുന്നിൽ കണ്ടയാളാണ് ദാവീദ്. ആദ്യമൊക്കെ വളരെ നമ്രമനസ്കാനായിരുന്നെങ്കിലും രാജസ്ഥാനത്തെത്തിക്കഴിഞ്ഞപ്പോൾ ക്രമേണ അഹന്ത നിറഞ്ഞവനായി, തലയിൽ അധികാരത്തിന്റെ മത്തു പിടിച്ചവനായി ശൌൽ മാറുന്നുണ്ട്. രഹസ്യത്തിൽ അഭിഷിക്തനായ ശൌലിനെ പ്രവാചകനും പുരോഹിതനുമായിരുന്ന ശമുവേൽ രാജാവായി ജനത്തിനു മുന്നിൽ അവതരിപ്പിക്കാനായി പരതുമ്പോൾ അന്തർമ്മുഖിയായ ശൌൽ സാധനസാമഗ്രികൾക്കിടയിൽ ഒളിച്ചിരിക്കുന്നതായാണ് ആദ്യം കാണാൻ കഴിയുന്നത്. (1 ശമു 10:22) 'ഒരിക്കൽ നിന്റെ സ്വന്തം കണ്ണിൽ നീ ചെറിയവനായിരുന്നു.' (1 ശമു 15:17) ഒടുവിൽ രാജസ്ഥാനത്തുനിന്ന് ദൈവത്താൽ നിഷ്കാസിതനായ ശൌൽ, തനിക്കുണ്ടായിരുന്ന ആത്മാഭിഷേകം നഷ്ടപ്പെട്ട് പകരം ദുഷ്ടാത്മാവിനാൽ ആവസിതനായി, ഒരു മാനസികരോഗിയായി മാറിയ ചരിത്രം ദാവീദിനു നന്നായറിയാം. ദുഷ്ടാത്മാവിന്റെ ബാധയുണ്ടാകുമ്പോൾ ആശ്വാസത്തിനായി കിന്നരം വായിച്ചിരുന്നത് ദാവീദായിരുന്നല്ലോ! അയാൾ തന്നെ വധിക്കാനായി തന്റെ നേർക്കു കുന്തം ചുഴറ്റിയെറിഞ്ഞതും ദാവീദോർക്കുന്നുണ്ടായിരിക്കും.

പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വലിയൊരു വ്യത്യാസം ഇവിടെ വ്യക്തമാണെന്നത് പറയാതെ വയ്യ. പഴയനിയമകാലത്ത് ദൈവജനത്തോടു കൂടെ ഉണ്ടായിരുന്ന പരിശുദ്ധാത്മാവ് പ്രത്യേകസാഹചര്യങ്ങളിൽ, ചില പ്രത്യേകകാര്യങ്ങളുടെ നിർവ്വഹണത്തിനായി, ചില വ്യക്തികളുടെ മേൽ വരികയും പിന്നീട് പോകുകയും ചെയ്തു കൊണ്ടിരുന്നു. (ശിംശോൻ ഒരുദാഹരണം) അതുകൊണ്ടുതന്നെയാണ് പരിശുദ്ധാത്മാവിനെ എടുത്തുകളയരുതേ എന്നു ദാവീദു പ്രാർത്ഥിക്കുന്നത്.

കർത്താവിന്റെ മരണപുനരുത്ഥാനത്തിനു ശേഷമാണ് പെന്തക്കൊസ്തുനാളിൽ വിശ്വാസികളുടെ ഉള്ളിൽ സ്ഥിരമായി വസിക്കുന്നതിനായി പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നത്. അതിനാൽത്തന്നെ നാം ദാവീദിനെക്കാൾ അനുഗൃഹീതരാണ്. പുതിയനിയമവിശ്വാസി പാപം ചെയ്താൽ അയാളിൽ നിവസിക്കുന്ന പരിശുദ്ധാത്മാവ് ദുഃഖിതനാകും, നിശ്ചയം (എഫെ 4:30), എന്നാൽ അവിടന്ന് നമ്മെ വിട്ടുപോകുന്നില്ല എന്നത് എത്ര ആശ്വാസകരം!

തന്റെ പ്രശ്നങ്ങളുടെയെല്ലാം പരിഹാരം, പാപക്കറകളെല്ലാം മായിക്കപ്പെടണം, പഴയ, പാപപങ്കിലമായ, ഹൃദയം മാറ്റിയിട്ട് ഒരു പുതിയ നിർമ്മലഹൃദയം തനിക്കുള്ളിൽ ലഭിക്കണം. അതു സൃഷ്ടിച്ചു നല്കണെ എന്നാണ് ദാവീദിന്റെ പ്രാർത്ഥന. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചുഎന്നു പറയാനുപയോഗിച്ചിരിക്കുന്ന അതേ പദം (בָּרָא ബ്റാ) തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത് എന്നതു ശ്രദ്ധേയം.

രക്ഷ നഷ്ടപ്പെടുന്നില്ല എന്ന യാഥാർത്ഥ്യം ദാവീദിനറിയാമായിരുന്നു എന്നാണ് 12-ാം വാക്യം നല്കുന്ന സൂചന. എന്നാൽ ഒരുവിശ്വാസി പാപത്തിലകപ്പെട്ടാൽ തീർച്ചയായും അയാളിലെ സന്തോഷം പൊയ്പോകുന്നു. ഏതൊക്കെ മുഖംമൂടി എടുത്തണിഞ്ഞാലും ഉള്ളിന്റെയുള്ളിലുള്ള തേങ്ങൽ, പരാജയബോധം, ആ മുഖം വ്യക്തമാക്കുക തന്നെ ചെയ്യും. അനുസരിക്കാൻ ഒരുക്കമുള്ള ഒരാത്മാവിന്റെ ആവശ്യം അനുസരണക്കേടു കാണിച്ച ദാവീദിനറിയാം. നന്മയും തിന്മയും വിവേചിച്ചറിയാൻ നമ്മെ സഹായിക്കുന്ന മനസ്സാക്ഷി എന്ന ഒരു കാവല്ക്കാരൻ നമുക്കു നല്കപ്പെട്ടിട്ടുണ്ട്. (റോമർ 2:14, 15 കാണുക) ആ മനസ്സാക്ഷിയുടെ മുന്നറിയിപ്പുകളൊക്കെ തൃണവൽ ഗണിച്ചയാളാണ് ദാവീദ്. കൂടാതെ, എഴുതപ്പെട്ട ന്യായപ്രമാണം ദൈവവചനം തന്റെ പക്കലുണ്ടായിരുന്നു, നേരിട്ടുപദേശിക്കാൻ ഗുരുതുല്യരായ പുരോഹിതരും പ്രവാചകന്മാരുമുണ്ടായിരുന്നു. ഇവയെല്ലാം അവഗണിച്ചുകൊണ്ടാണ് ദാവീദ് അതിഭയാനകമായ പാപങ്ങൾ ചെയ്തുകൂട്ടിയത്. അജ്ഞതയല്ല മനപ്പൂർവ്വമായ അനുസരണക്കേടായിരുന്നു ദാവീദിന്റേത്. ഇപ്പോൾ അനുസരിക്കാനുള്ള ആത്മാവിനെ നല്കാനായാ

ണ് തന്റെ പ്രാർത്ഥന, എന്നെ താങ്ങിനിർത്തണമേ (MCV) എന്നാണ് അയാളുടെ യാചന. സ്വയം നില്കാനുള്ള കഴിവില്ലായ്മ, ബലഹീനത (Vulnerability) ഏറ്റുപറയുകയാണ്. പൗലൊസിന്റെ 'ഞാൻ ചെയ്യാൻ ആഗ്രഹിക്കുന്ന നന്മയല്ല ആഗ്രഹിക്കാത്ത തിന്മയാണ് ചെയ്തുപോകുന്നത്.' (റോമർ 7:20) എന്ന വിലാപമാണ് നമുക്ക് ഓർമ്മയിൽ വരിക. ഏതു മനുഷ്യന്റെയും യഥാർത്ഥ അവസ്ഥ ഇതുതന്നെയാണ്. ദൈവസഹായം കൂടാതെ നമുക്കു യാതൊരു നിലനില്പുമില്ല!

രക്ഷയുടെയും പാപക്ഷമയുടെയും സന്തോഷവും മാധുര്യവും രുചിച്ചറിഞ്ഞ ഒരാൾക്കുമാത്രമേ അവയെക്കുറിച്ചു മറ്റുള്ളവരോടു പറയാനുള്ള ധീരതയുണ്ടാകുകയുള്ളൂ. പൂർണ്ണമായും കഴുകൽ പ്രാപിച്ച, നിർമ്മലീകരിക്കപ്പെട്ട, ഒരാൾ തനിക്കു ലഭിച്ച വിടുതലിനെക്കുറിച്ചു സാക്ഷിക്കുമ്പോൾ നിശ്ചയമായും അത് തന്റെ ശ്രോതാവിനെ സ്വാധീനിക്കുക തന്നെചെയ്യും. (സങ്കീ 51:13)

രക്തപാതകത്തിൽനിന്നുള്ള വിടുതലിനായുള്ള പ്രാർത്ഥനയാണ് ദാവീദ് പിന്നെയും നടത്തുന്നത്. ആ വിമോചനത്തിന്റെ പരിണാമം അധരഫലമെന്ന സ്തോത്രയാഗമാണ്. അശുദ്ധമായ അധരങ്ങളുള്ള ജനമദ്ധ്യത്തിൽ വസിച്ചുകൊണ്ട് സ്വയം അശുദ്ധനായിത്തീർന്ന യെശയ്യാവിനെ നാം ഓർക്കുന്നുണ്ടാകും. യാഗാഗ്നി അപ്പോഴും എരിഞ്ഞുകൊണ്ടിരിക്കുന്ന യാഗപീഠത്തിൽനിന്ന് എടുത്ത കനൽകൊണ്ട് അധരം സ്പർശിച്ച്, യെശയ്യാവിന് അധരശുദ്ധി വരുത്തിക്കൊണ്ട് യഹോവയുടെ ദൂതൻ പറഞ്ഞു: 'നോക്കൂ ഇതു നിന്റെ അധരങ്ങളെ സ്പർശിച്ചതിനാൽ, നിന്റെ അകൃത്യം നീക്കപ്പെട്ടിരിക്കുന്നു, നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു.' ദാവീദിന്റെയും യെശയ്യാവിന്റെയും നമ്മുടെയുമെല്ലാം വിടുതലിനുള്ള ഏകമാർഗ്ഗം ആ യാഗപീഠമാണ്. ഇന്നു, പുതിയനിയമകാലത്ത്, ദൈവക്രോധാഗ്നിയിൽ നമുക്കുവേണ്ടി ബലിയായിത്തീർന്ന ദൈവകുഞ്ഞാടാണ് ആ യാഗപീഠത്തിന്മേലുള്ളത്.

രക്ഷയുടെ യഥാർത്ഥ അനുഭവമുണ്ടായ ഒരു ദൈവപൈതലിനു നിശ്ശബ്ദമായിരിക്കാൻ കഴിയുന്നതല്ല. സ്തുതിസ്തോത്രമെന്ന യാഗം അയാൾ നിരന്തരം അർപ്പിച്ചുകൊണ്ടിരിക്കും. (വാക്യം 13-15 വരെ)

അത്യത്ഭുതകരമായി കാഴ്ച ലഭിച്ച ജന്മാന്ധന് ഏറെയൊന്നും പറയാനില്ലായിരുന്നു; 'ഒന്നെനിക്കറിയാം; ഞാൻ അന്ധനായിരുന്നു, എന്നാൽ ഇപ്പോൾ എനിക്കു കാഴ്ചയുണ്ട്,' ഇത്രമാത്രം! ഇത്രയെങ്കിലും പറയാൻ നമുക്കും കഴിയണം!!

ആയിരക്കണക്കിന് ആടുമാടുകളെ യാഗമായർപ്പിക്കാൻ കഴിവുള്ളയാളാണ് രാജാവ്. അദ്ദേഹത്തിന്റെ ജീവകാലത്ത് ആയിരമായിരം മൃഗങ്ങളെ ബലിയർപ്പിച്ചിട്ടുമുണ്ടാകും. എന്നാൽ ഒരു യാഥാർത്ഥ്യം തന്റെ കണ്മുന്നിൽ തെളിയുകയാണ്: ആയിരം പതിനായിരം വരുന്ന തന്റെ മൃഗബലികൾ ദൈവസന്നിധിയിൽ സ്വീകൃതമാകണമെങ്കിൽ അവ അർപ്പിക്കുന്നയാളുടെ താഴ്മയും വിനയവും ഹൃദയത്തകർച്ചയും അത്യന്താപേക്ഷിതമാണ്, ആ മൃഗങ്ങളെല്ലാം തന്റെ സമ്പൂർണ്ണസമർപ്പണത്തിന്റെ പ്രതീകങ്ങൾ മാത്രമാണ്!

ക്രൂശിൽക്കിടന്ന കള്ളനാകട്ടെ, ദൈവാലയത്തിൽ പ്രാർത്ഥിക്കാനെത്തിയ ചുങ്കക്കാരനാകട്ടെ, (ലൂക്കോസ് 18:13) ഇവരെല്ലാം നമ്മെ പഠിപ്പിക്കുന്നപാഠം: 'ദൈവത്തിന് ഹിതകരമായ യാഗം തകർന്ന മനസ്സല്ലോ; പശ്ചാത്താപത്താൽ തകർന്ന ഹൃദയത്തെ ദൈവം ഒരിക്കലും നിരസിക്കുകയില്ല ' എന്നതാണ്! (സങ്കീ 51:17)

ഇതിന്റെയെല്ലാം ആത്യന്തികഫലമോ? അന്ന് യരുശലേമിന്റെ തകർന്ന മതിലുകൾ പണിയപ്പെടുകയും അനുസ്യൂതാരാധനയുമായിരുന്നെങ്കിൽ ഇന്ന് വിശ്വാസികൾ പശ്ചാത്തപിച്ചുകൊണ്ട്, കുറവുകൾ ഏറ്റുപറഞ്ഞുകൊണ്ട് മാനസാന്തരപ്പെട്ടുകൊണ്ട് കർത്താവിനോട് അടുത്തുവരുമെങ്കിൽ, സഭയുടെ തകർന്നമതിലുകൾ പണിയപ്പെടുകയും ഇനിയും സഭാനാഥനെ അറിഞ്ഞിട്ടില്ലാത്തവർ അറിഞ്ഞുകൊണ്ട് ദൈവരാജ്യത്തിന്റെ അതിരുകൾ വിസ്തൃതമാകുകയും ചെയ്യും. സ്വർഗ്ഗീയ യരുശലേമിന്റെ പണി തകൃതിയായി നടക്കുകയാണ്; തന്റെ കാന്തയെച്ചേർക്കുവാനായി കർത്താവു എഴുന്നള്ളിവരുന്ന രഥചക്രങ്ങളുടെ ഇരമ്പൽ കേട്ടും തുടങ്ങിയിരിക്കുന്നു!

SV

# അന്യഗ്രഹ ജീവികളും ദൂതൻമാരും



തങ്കച്ചൻ മാത്യു.
മാമ്മൂട്

ആണവയുഗത്തിന്റെ ശില്പിയും നൊബേൽ പുരസ്കാര ജേതാവുമായ ഇറ്റാലിയൻ ശാസ്ത്രജ്ഞൻ എൻറിക്കോ ഫെർമി, 1950 ൽ അമേരിക്കയിലെ ലോസ് അലാമോസ് നാഷണൽ യൂണിവേഴ്സിറ്റിയിൽ വച്ച്, കൂടെയുള്ളവരോടായി ചോദിച്ച ചോദ്യം ശാസ്ത്രലോകത്ത് വളരെ പ്രസിദ്ധമാണ്. പ്രപഞ്ചത്തിൽ മനുഷ്യരെക്കാൾ വികസിച്ച ജീവികളുണ്ടെങ്കിൽ അവർ ആധുനിക യാത്രാമാർഗ്ഗങ്ങൾ ഉപയോഗിച്ച് ഭൂമിയിൽ വന്ന് അവരുടെ കോളനികൾ സ്ഥാപിച്ചേനെ. എന്നിട്ടും എന്തുകൊണ്ട് ആരും വന്നില്ല. അവരെല്ലാം എവിടെയാണ്? പിൽക്കാലത്ത് ഇത് ഫെർമി പാരഡോക്സ് എന്ന പേരിൽ അറിയപ്പെടുകയും ഡ്രേക്ക് ഇക്വേഷൻ, കർദഷേവ് സ്കെയിൽ തുടങ്ങി അന്യഗ്രഹ ജീവികളുമായി ബന്ധപ്പെട്ട ഗവേഷണ പഠനങ്ങൾക്ക് വഴി തുറക്കുകയും ചെയ്തു.

ക്ഷീരപഥത്തിൽ ആയിരം മുതൽ പത്തുകോടി വരെ അന്യഗ്രഹജീവി സമൂഹങ്ങളുണ്ടാവാമെന്നാണ് ചിലരുടെ അനുമാനം. ഇതിൽ, ഏറ്റവും ഉന്നതിയിൽ വരുന്ന സമൂഹങ്ങൾ മനുഷ്യർക്ക് സ്വപ്നം കാണാൻപോലും കഴിയാത്ത വിധത്തിലുള്ള സാങ്കേതികവിദ്യ നേടിയവരും ആയിരിക്കാമെന്നാണ് ശാസ്ത്രത്തിന്റെ അഭിമതം. പ്രശസ്തരായ പല ശാസ്ത്രകാരൻമാരും അന്യഗ്രഹ ജീവികളുണ്ടാവാം എന്നു കരുതിയിരുന്നവരാണ്. നിക്കോള ടെസ്‌ല, കാൾസാഗൻ, സ്റ്റീഫൻ ഹോക്കിംഗ് തുടങ്ങിയവർ ഈ ഗണത്തിലുണ്ട്. കാൾസാഗൻ അന്യഗ്രഹജീവികളും അഥവാ ഏലിയൻസും അവയുടെ യാത്രാവാഹനങ്ങളായ അജ്ഞാത പേടകങ്ങൾ അഥവാ യുഎഫ്ഒകളും - പറക്കും തളികകൾ- ഉണ്ടെന്ന് ദൃഢമായി വിശ്വസിച്ചിരുന്നയാളായിരുന്നു.

ഏലിയൻസുകളുണ്ടായിരുന്നാലും അവയുടെ വാഹനങ്ങളായ യുഎഫ്ഒകൾക്ക് ഭൂമിയിലെത്താനും ഇവിടെ പ്രത്യക്ഷപ്പെടാനുമുള്ള സാദ്ധ്യത വളരെ കുറവാണെന്നു അഭിപ്രായപ്പെടുന്ന ശാസ്ത്രജ്ഞൻമാരുമുണ്ട്. സൗരയൂഥത്തിൽ മനുഷ്യരെപ്പോലെ ബുദ്ധിവികാസം നേടിയ ജീവികളുണ്ടാകാൻ സാദ്ധ്യതയില്ല എന്നാണിവർ പറയുന്നത്. സൗരയൂഥത്തിനു വെളിയിലാണ് പിന്നീട് സാധ്യതയുള്ളത്. പ്രപഞ്ചത്തിൽ പ്രകാശത്തിന്റേതിനേക്കാൾ കൂടിയ വേഗത്തിൽ സഞ്ചരിക്കാൻ അസാധ്യമാകയാൽ അവിടെ നിന്നും ഭൂമിയിലെത്താൻ കാലങ്ങൾ അനവധിയെടുക്കും. അതു മാത്രമല്ല; വളരെ ഊർജ്ജം ചിലവഴിക്കേണ്ടതായി വരുമെന്നാണ് കണക്കുകൂട്ടുന്നത്. അതേസമയം ഭൗതിക ശാസ്ത്രജ്ഞനായ മിഷിയോ കാകുവിന്റെ അഭിപ്രായത്തിൽ പ്രപഞ്ചത്തിലെ പ്രത്യേക ഘടന

കളായ വേം ഹോളുകളിലൂടെ അതിവിദൂര മേഖലകളിൽനിന്നും എളുപ്പത്തിൽ മറ്റിടങ്ങളിൽ എത്തിച്ചേരാമെന്നാണ്. അന്യഗ്രഹ ജീവികളെ കണ്ടെത്താനും അവയുമായി ആശയവിനിമയം നടത്താനുമുള്ള ശാസ്ത്രത്തിന്റെ ശ്രമങ്ങളെ സേററി (Search for Extra-Terestrial Intelligence) എന്നാണ് വിളിക്കുന്നത്. ഭൂമിയിൽനിന്നു റേഡിയോ സന്ദേശങ്ങൾ അയച്ചും ഭൂമിക്കു വെളിയിൽ നിന്നുവരുന്ന റേഡിയോ സന്ദേശങ്ങൾ പരിശോധിച്ചുമാണ് ഇത് പ്രവർത്തിക്കുന്നത്.

എന്നാൽ അന്യഗ്രഹ ജീവികളെക്കുറിച്ചോ, അവയുടെ പേടകങ്ങളെക്കുറിച്ചോ ശാസ്ത്രത്തിന് കൃത്യവും വ്യക്തവുമായ ഒരു നിലപാടില്ല എന്നതാണ് വാസ്തവം. ഇവിടെയാണ്, അന്യഗ്രഹ ജീവികളുണ്ടെന്നു വിശ്വസിക്കുവാൻ ഇഷ്ടപ്പെടുന്ന നിഗൂഢവാദക്കാർ പല കഥകളും സംഭവങ്ങളും അനുഭവങ്ങളുമായി പ്രത്യക്ഷപ്പെടുന്നത്. അല്പം ശാസ്ത്രവും അതിലധികം കെട്ടുകഥകളും കൂടിക്കലർന്നതാണ് ഏലിയൻസുകളെക്കുറിച്ചുള്ള മനുഷ്യന്റെ സങ്കല്പം. ഗിൽഗാമേഷിലെ അനുനാകികൾ പോലെയുള്ള പുരാതന മിത്തുകളും അന്റാർട്ടിക്കയിലെ ചുരുളഴിയാ ദുരൂഹതകളും ചരിത്രത്തിലെ ഇതര ഏലിയൻ കഥകളുമെല്ലാം അന്യഗ്രഹജീവികളെക്കുറിച്ചുള്ള സങ്കല്പങ്ങൾക്ക് കരുത്തുപകരുന്നവയാണ്. ആധുനിക സാഹിത്യം, കല, സിനിമ എന്നീ മേഖലകളിലെല്ലാം ഏലിയൻസുകളെക്കുറിച്ചുള്ള ചിന്തകളും സ്വാധീനങ്ങളും ഒരളവുവരെ പ്രകടമാണ്.

ഏലിയൻസുകളെക്കുറിച്ചോ, അവയുടെ വാഹനങ്ങളെക്കുറിച്ചോ ബൈബിൾ അസന്നിഗ്ധമായി ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല. എന്നാൽ, ബൈബിളിലെ ചില വേദഭാഗങ്ങളെ അന്യഗ്രഹ ജീവികളുമായി ബന്ധിപ്പിച്ച് പല വിധത്തിലുള്ള വ്യാഖ്യാനങ്ങളും സിദ്ധാന്തങ്ങളും ചിലർ മുന്നോട്ടു വയ്ക്കുന്നുണ്ട്. ഇവരുടെ കാഴ്ചപ്പാടിൽ, ബൈബിൾ മുഴുവനും അന്യഗ്രഹജീവികളെക്കുറിച്ചുള്ള പരാമർശങ്ങളാൽ നിറഞ്ഞിരിക്കുന്നുവെന്നാണ്. ബൈബിളിൽ കാണുന്ന ദൂതൻമാർ ഏലിയൻസുകളാണെന്നാണ് ഇവർ വാദിക്കുന്നത്.

ഉല്പത്തി 6 ലെ ദൈവപുത്രൻമാരും ഇതര ദൈവദൂത പ്രത്യക്ഷതകളുമെല്ലാം അന്യഗ്രഹ ജീവികളായി വ്യാഖ്യാനിക്കുന്നു. യേശുവിനെപ്പോലും അന്യഗ്രഹജീവിയായി ചിത്രീകരിക്കുന്നവരുണ്ട്. ഏലിയാവിന്റെ അഗ്നിമയ രഥങ്ങളും കുതിരകളും എസക്കിയേൽ പ്രവചനത്തിലെ ചക്രങ്ങളുള്ള ജീവികളും അജ്ഞാത പേടകങ്ങളായാണ് പലരും ധരിച്ചിരിക്കുന്നത്. മാത്രമല്ല; ഹാനോക്കിന്റെ എടുക്കപ്പെടൽ, ഏലിയാവ്, പൗലോസ്, യോഹന്നാൻ, ഫിലിപ്പ് എന്നിവരുടെ എടുക്കപ്പെടലുകളെല്ലാം ഏലിയൻസുകളുടെ തട്ടിക്കൊണ്ടുപോകലിനു സമാനമായ സംഭവങ്ങളായും വ്യാഖ്യാനിക്കുന്നുണ്ട്. സഭയുടെ ഉൽപ്രാപണവും വെളിപ്പാടിലെ രണ്ടു സാക്ഷികളുടെ എടുക്കപ്പെടലുമെല്ലാം ഏലിയൻസുകളുടെ ഇടപെടലുകളായിട്ടാണ് വേദവിദ്യാർത്ഥികളിൽ ഒരു ന്യൂനപക്ഷമെങ്കിലും ചിന്തിക്കുന്നത്.

ദൈവദൂതൻമാരുടെ അസ്തിത്വവും അവയുടെ അവാന്തരവിഭാഗങ്ങളും വിശുദ്ധ തിരുവെഴുത്തിലെ അടിസ്ഥാന സത്യങ്ങളാണ്. ദൂതൻമാരെ, വിശുദ്ധ ദൂതൻമാരെന്നും വീഴ്ച പ്രാപിച്ച ദൂതൻമാരെന്നും രണ്ടായി തരംതിരിക്കാവുന്നതാണ്. വിശുദ്ധദൂതൻമാർ ദൈവത്തിന്റെ ആജ്ഞാനുവർത്തികളും ദൈവമക്കളുടെ സേവകാത്മാക്കളുമാണ്. വീഴ്ച പ്രാപിച്ച ദൂതൻമാരായ സാത്താനും അവന്റെ അനുയായികളും ദൈവത്തിനെതിരായി മത്സരിക്കുന്നവരും വിശ്വാസികളുടെ ശത്രുക്കളുമാണ്. വിശുദ്ധദൂതൻമാരുടെ ദൃശ്യരൂപത്തിലുള്ള ചില പ്രത്യക്ഷതകൾ പഴയ പുതിയനിയമങ്ങളിലുണ്ട്. എന്നാൽ, സാത്താനും അവന്റെ ദൂതൻമാരും ദൃശ്യരൂപത്തിൽ എവിടെയെങ്കിലും പ്രത്യക്ഷപ്പെടുന്നതായി ബൈബിളിന്റെ ചരിത്രത്തിൽ ഒരിടത്തും നാം കാണുന്നില്ല.

ബൈബിളിലെ ദൂതൻമാരെ ഏലിയൻസുകളായി ചിത്രീകരിക്കുന്നതും ഏലിയൻസുകളുമായി ബന്ധപ്പെട്ട കഥകളും സംഭവങ്ങളും ദൈവദൂതൻമാരുമായി സമരസപ്പെടുത്തി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നതും ഒരുപോലെ അസ്വീകാര്യമാണ്. ഇത്തരം വ്യാഖ്യാനങ്ങളെല്ലാം ഊഹാപോഹങ്ങളെന്നല്ലാതെ വേദപണ്ഡിതൻമാരുടെയിടയിൽ സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ളവയല്ല. ബൈബിൾ ഊന്നൽ നൽകുന്നത് ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിനാണ്; അല്ലാതെ അന്യഗ്രഹ ജീവികളുമായുള്ളതല്ല.

ധർമ്മരാജ് കന്നുമാമൂട്



# ലൂസിഫറിന്റെ വീഴ്ചയും അന്ത്യന്യായവിധിയും

അരുണോദയ പുത്രനായ ശുക്രൻ (പ്രഭാതനക്ഷത്രം) എന്നതിന്, KJV ഇംഗ്ലീഷ് ബൈബിൾ നല്കുന്ന പേരാണ് ലൂസിഫർ. ഉദയനക്ഷത്രത്തെയാണ് അത് സൂചിപ്പിക്കുന്നത്. സൃഷ്ടിയുടെ അരുണോദയത്തിൽ (ആരംഭത്തിൽ) സൃഷ്ടിക്കപ്പെട്ടതുകൊണ്ടാണ് അരുണോദയപുത്രൻ അഥവാ ലൂസിഫർ എന്ന നാമം ലഭിച്ചത്(ഇയ്യോ.38:6). സൃഷ്ടിക്കപ്പെട്ടപ്പോൾ അവൻ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യ സമ്പൂർണ്ണനും ആയിരുന്നു. വിശുദ്ധദേവ പർവ്വതത്തിൽ ഇരുത്തിയിരുന്നു. നവരത്നങ്ങളാലും പൊന്നിനാലും സൃഷ്ടിക്കപ്പെട്ട മറയ്ക്കുന്ന കെരൂബ് ആയിരുന്നു. അവനിൽ വാദ്യഘോഷം ഉണ്ടായിരുന്നു(യെഹ.28:115, യെശ. 14:1215)

**ലൂസിഫറിന്റെ വീഴ്ച: യെഹ.28:16 19, യെശ.14:12–15.**

നിഗളം ആയിരുന്നു ലൂസിഫറിന്റെ പാപം. 1തിമൊ.3:6. നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തരംഗം സാഹസംകൊണ്ടു നിറഞ്ഞു നീ പാപം ചെയ്തു. അതുകൊണ്ടു ഞാൻ നിന്നെ അശുദ്ധൻ എന്നു എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു. ഞാൻ നിന്നെ അഗ്നിമയ രഥങ്ങളുടെ മദ്ധ്യേ നിന്നും മുടിച്ചുകളഞ്ഞു. നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം നിഗളിച്ചു. നിന്റെ പ്രഭ നിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി. ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു(യെഹ.28:16,17).

അരുണോദയ പുത്രനായ ശുക്രാ നീ എങ്ങനെ ആകാശത്തുനിന്നു വീണു. ജാതികളെ താഴ്ത്തിക്കളഞ്ഞവനെ നീ എങ്ങനെ വെട്ടേറ്റു നിലത്തുവീണു. ഞാൻ സ്വർഗ്ഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെയ്ക്കും. ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിൻമേൽ ഇരുന്നരുളും. ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും, ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്ക് നാശകൂപത്തിന്റെ അടിയിലേക്കു തന്നെ വീഴും(യെശ.14:12 –15).

അവൻ ദൈവത്തോടു മത്സരിച്ചു പാപം ചെയ്തപ്പോൾ, അവനെയും അവനോടൊപ്പം അതിൽ പങ്കെടുത്ത ദൂതൻമാരെയും ദൈവം വിശുദ്ധദേവപർവ്വതത്തിൽനിന്നും തള്ളിക്കളഞ്ഞു.

സാത്താനോടു പാപം ചെയ്ത രണ്ടുവിഭാഗം ദൂതൻമാരെപ്പറ്റി ബൈബിൾ പ്രസ്താവിക്കുന്നു, അതിൽ ഒരു കൂട്ടർ സാത്താനോടൊപ്പം ആകാശമണ്ഡലത്തിൽ അധിവസിച്ചു പ്രവർത്തിക്കുന്നവരാണ്. പാപം ചെയ്ത പിശാചിനും

അവന്റെ ദൂതൻമാർക്കും വേണ്ടിയാണ് ദൈവം അഗ്നിനരകം ഒരുക്കിയിരിക്കുന്നത്(മത്താ.25:4). എന്നാൽ അവിടെ തള്ളപ്പെടുന്നതു വരെയുള്ള കാലഘട്ടത്തിൽ അവർക്കു അധിവസിക്കുവാനായി ആകാശമണ്ഡലം അനുവദിച്ചു ന ൽകിയിരിക്കുന്നു. "ആകാശത്തിലെ അധികാരത്തിനു അധിപ തി" എന്നു സാത്താനെയും (എഫെ.2:2) "സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേന" എന്ന് അവന്റെ ദൂതൻമാരെയും വിളിച്ചിരിക്കുന്നു (എഫെ.6:12). സാത്താനും അവന്റെ ദൂതൻമാരും ഇപ്പോൾ ആകാശമണ്ഡലത്തിൽ അധി വസിച്ചു ദൈവത്തിനും ദൈവജ നത്തിനും എതിരായി പ്ര വർത്തിക്കുന്നു. ഇന്നവർ സ്വതന്ത്ര രാണ്. ബന്ധിക്കപ്പെട്ടിട്ടില്ല.

രണ്ടാമത്തെ വിഭാഗം ദൂതൻമാർ ബന്ധിക്കപ്പെട്ടിരിക്കു കയാണ്. പാപം ചെയ്ത ദൂതൻ മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു അധോലോകത്തിലാക്കി. Tartarus എന്ന പദമാണ് മൂലഭാഷയിൽ നല്കിയിരിക്കുന്നത്. അധോലോകം എന്നാണർത്ഥം. ന രകം എന്നല്ല. ന്യായവിധിക്കായി കാപ്പാൻ കല്പിച്ചു.

2പത്രോ.2:4 "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതൻമാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങല ഇട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു". യൂദാ.6 ദൈവം അവർക്കു നല്കിയ പ്രത്യേക അധികാരവും, ശുശ്രൂഷയും കാത്തുകൊള്ളാതെ അതിർലംഘിച്ചു. അനുവാദം ഇല്ലാത്ത കാര്യങ്ങൾ ചെയ്തു. ദൈവം അവരെ തള്ളിക്കളഞ്ഞു. ലൂസിഫർ ദൈവത്തോടു മത്സരിച്ചപ്പോൾ ഇവരും അവനോടുകൂടെ ചേർന്നു എന്നാണ് കരുതേണ്ടത്.

### ലൂസിഫറിന്റെ ബന്ധനവും അന്ത്യന്യായവിധിയും (വെളി.20:1 4,710)

വെളി.12:7- 12 മഹാപീഡന ത്തിന്റെ മദ്ധ്യത്തിൽ സ്വർഗ്ഗത്തിൽ മിഖായേലും അവന്റെ ദൂതൻമാരും മഹാസർപ്പത്തോടു യുദ്ധം ചെയ്തു സ്വർഗ്ഗത്തിൽനിന്നും സാത്താനെ പുറത്താക്കുന്നു. പിശാച്, സാത്താൻ, മഹാസർപ്പം, പഴയപാമ്പ്, സഹോദരൻമാരെ രാപ്പകൽ കുറ്റപ്പെടുത്തുന്ന അപവാദി എന്നിവയെല്ലം സാത്താന്റെ വിവിധ പേ രുകളാണ്. എതിർക്രിസ്തുവിനെ യും കള്ളപ്രവാചകനെയും തീപ്പൊയ്കയിലേക്കു തള്ളിയതിനു ശേഷം, ക്രിസ്തുവിന്റെ ആയിരം ആണ്ടു ഭരണത്തിനു മുന്നോടിയായി സാത്താൻ ബന്ധിക്കപ്പെടുന്നു (വെളി.20:13). സഹസ്രാബ്ദ വാഴ്ചയ്ക്കുശേഷം അല്പകാലത്തേക്ക് അവനെ അഴിച്ചുവിടുന്നു(വെളി.20:7 -10). അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി കടൽപ്പുറത്തെ മണൽപോലെ യുള്ള ജനത്തെ ഗോഗ്, മാഗോഗ് യുദ്ധത്തിനായി കൂട്ടിവരുത്തി വിശുദ്ധൻമാരുടെ പാളയത്തെ (യെരുശലേമിനെ) വളയും. ഈ സമയത്ത് ആകാശത്തിൽനിന്നും തീ ഇറങ്ങി ഇവരെ ദഹിപ്പിച്ചുകള യുകയും അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്ര വാചകനും കിടക്കുന്ന ഗന്ധക തീപ്പൊയ്കയിലേക്ക് തള്ളിയിടുകയും ചെയ്യുന്നു. പിശാചിനും അവന്റെ ദൂതൻമാ ർക്കും ഒരുക്കിയിരിക്കുന്നതാണ് നിത്യാഗ്നി(മത്താ.25:41). അവർ എന്നേക്കും രാപ്പകൽ നിത്യദ ണ്ഡനം അനുഭവിക്കേണ്ടി വരും.

പാപം ചെയ്ത രണ്ടാമത്തെ വിഭാഗമായ ദൂതൻമാരുടെ ന്യായവിധി നടക്കുന്നത് "മഹാദിവസത്തിന്റെ വിധിയ്ക്കായി അവരെ സൂക്ഷിച്ചി രിക്കുന്നു"വെന്നാണ് യൂദ പ റയുന്നത്. "മഹാദിവസത്തിന്റെ വിധി" എന്നു പറയുന്നത് വെള്ളസിംഹാസനത്തിലെ വിധി ആണെന്നു മനസ്സിലാക്കാം. സാത്താനെ വെള്ളസിംഹാ സനത്തിൽ കൊണ്ടുവന്നു വിസ്തരിക്കുകയില്ല; സഹസ്രാ ബ്ദാന്ത്യത്തിൽ അവനെ നേ രെ നരകത്തിൽ തള്ളിയിടും വെളി.20:10. അതിനുശേഷമാണ് വെള്ളസിംഹാസനം വെയ് ക്കുന്നത്. തൽസമയം സ്വതന്ത്രരായ സാത്താന്യ ദൂതൻമാരെയും പാതാളത്തിൽ ബന്ധിതരായി രിക്കുന്ന ദൂതൻമാരെയും ന്യായംവിധിച്ചു അഗ്നിന രകത്തിൽ തള്ളിയിടും. അങ്ങനെ സാത്താനാൽ വഞ്ചിക്കപ്പെട്ട ദുഷ്ടൻമാരും പാപികളുമായ മനുഷ്യരോടുകൂടെ സാത്താൻ നിത്യാഗ്നിയിൽ രാപ്പകൽ ദണ്ഡനം അനുഭവിക്കും.

SV



# MINISTRY OF ANGELS

**Jaysingh mathoorkonam**

The Holy Bible doesn't say how many angels there are, but Hebrews 12:22 says they are "innumerable." That means there are more than enough angels to fulfill these assignments for each of us.

I want to talk to you about the ministry of angels! Angels are messengers of God sent to minister to those who are the heirs of salvation — and that includes you and me. So it's important that we know about angels and how they are available to help us. There are different roles which have been played by angels.

### 1. God's Agents.

God's agents who execute His judgment. Angels are God's messengers revealing His will. They are God's servants, doing His will. Angels judged the city of Jerusalem (Ezekiel 9:1-11) and they pronounce judgment upon city of Sodom (genesis 19:23). When angels were sent to do the will of God, they acted with authority. At the tomb of Jesus, two angels broke the Roman seal, and rolled back the massive stone. This caused the entire guard unit to faint.

### 2. God's Messengers.

Angels are God's Messengers. They bring God's message to humanity. This is in keeping with the meaning of the term "angel." God has used angels to send the following messages to humanity. Divine revelation has been given by angels. For example, Book of Revelation tells us that this final book of Scripture was given through an angel.

### 3. God's Servants.

Angels announced the birth of Christ and John the Baptist. They gave warnings to God's people. Not only that, God used angels to provide instruction. The Gentile Cornelius received angelic instruction. He was commanded to send servants to Joppa to find Simon Peter (Acts 10:3).

### 4. God's Ministers.

They have ministered to believers in the following ways. Angels are interested in the spiritual welfare of people to the point that they rejoice at their conversion. They have been used to give physical provision 1 Kings 19:5-7, (Matthew 4:11), and Physical Protection. Angels have also been sent to protect God's people (Genesis 16:7),(Genesis 19:11). God has used angels as objects of deliverance(Numbers 20:16).The Lord also used angels to deliver Peter and John from the hands of the Sadducees.(Acts 5:17-19). What makes this episode all the more ironic is that the Sadducees

did not believe in the existence of angels (Acts 23:8).

**5. God's spokesman:**

Angels gave direction to the saints, according to the situation and where ever they are present. The Bible says that Philip was directed to the Ethiopian eunuch by an angel (Acts 8:26). On a couple of occasions, angels assisted in an answer to prayer. For Example, In the Book of Daniel we have the angel Gabriel explaining to Daniel the meaning of his prayers (Daniel 9:20-27). We also find Peter being helped in his release from prison by an angel who was sent in response to prayer (Acts 12:1-11). Angels have also interceded on behalf of humanity (Zechariah 1:12). Angels have also been sent for encouragement. Often times when they appeared to people their first words were, "Don't be afraid." The Apostle Paul was encouraged by an angel after a storm at sea (Acts 27:23-25). The angel of the Lord appeared to Gideon, a discouraged and frightened man (Judges 6:11,12).

Let's discuss about the ministry of angels, which was available throughout the life (from the birth till the resurrection) of our Lord Jesus Christ.

**1. Gabriel announced the birth of Jesus to Mary:**

When we read and meditate this portion (Luke 1:28-38), we could get a clear picture about the ministry of angels in the life of Jesus Christ. It is significant that the angel Gabriel did not rebuke Mary as he did Zechariah. "She was perplexed" or greatly troubled at the statement." Mary did not doubt the promise, but was just confused about the statement because she was a virgin (cf. Isa. 7:14). She wanted to know how this would be accomplished since she and Joseph were not yet married. The betrothal usually lasted a year and unfaithfulness on the part of the bride was punishable by death. Therefore, Gabriel's response was this will be the work of the Holy Spirit creatively bringing about the miraculous physical conception of Jesus. The apostle Paul understood this grand truth when he wrote: "But when the fullness of the time came, God sent forth His Son, born of a woman, born under the Law" (Galatians 4:4, NASB95).

**2.An unnamed angel announced birth of Jesus to Mary (matt.1.18-20)**

We noted earlier the agitation on the part of Mary regarding her conceiving a bearing a son while still engaged to Joseph. Once the arrangement was confirmed the couple was considered married and were called husband and wife. During this time the woman continued to live with her parents and the man with his parents.

Now it was plain that Mary had not told Joseph about the angel's visit or that she was pregnant. Therefore, when it obvious to Joseph that Mary was with child he was shocked. He genuinely loved Mary. You can see that love by his actions. He did not want to create a public scandal and planned to divorce Mary privately. That is when the angel appeared to Joseph in a dream and revealed to Him that "She was found to be with child by the Holy Spirit" (Matthew 1:18-25). The Holy Spirit, not Joseph, not any man, was responsible for the pregnancy of Mary.

**3. At Jesus' birth the angels informed the shepherds and worshipped Him Luke 2:9-16:**

Dr. Luke, the beloved physician, and author of the Gospel of Luke tells us that Jesus was born in the city of David, called Bethlehem during the reign of Caesar Augustus. Angels worshipped Christ and announced the birth of the Savior to some humble shepherds who were watching over their sheep in the night.

"And an angel of the Lord suddenly stood before them.

. . But the angel said to them, 'Do not be afraid; for behold, I bring you good news of great joy which will be for all the people; for today in the city of David there has been born for you a Savior, who is Christ the Lord.

### 4. An unknown angel warned Joseph of Herod's evil intent to murder the Messiah Matthew 2:13:

"Now when they had gone, behold, an angel of the Lord appeared to Joseph in a dream and said, 'Get up! Take the Child and His mother and flee to Egypt, and remain there until I tell you; for Herod is going to search for the Child to destroy Him'" They stayed in Egypt until the death of Herod. Dr. Luke tells us that over the next thirty years, "Jesus kept increasing in wisdom and stature, and in favor with God and men" (Luke 2:52). Yes, Jesus lived a fully normal human Jewish life in the town of Nazareth. But that is not the end to the visitation of angels in His life.

### 5. Angels strengthened Jesus during His ministry Matt. 4:1-11

When Jesus began His ministry about the age of thirty He was severely tempted by Satan. After the forty days of temptation "the devil left Him; and behold, angels came and began to minister to Him" (Matt. 4:11). In the Garden of Gethsemane an angel appeared to Jesus and strengthened Him (Luke 22:43).

At His arrest in the Garden of Gethsemane when Peter was trying to defend Jesus with a sword, Jesus told him that "Or do you think that I cannot appeal to My Father, and He will at once put at My disposal more than twelve legions of angels?" (Matthew 26:53).

### 6. Angels reassured disciples at the ascension of Christ:-

### Luke 24:50-53

In John's Gospel Jesus links his incarnation with the ascension (John 3:13, cf. 6:62). Later, Jesus reassures his disciples, "I go to prepare a place for you" (John 14:2-3). He says he is going to the one who sent him – the Father (John 16:5; cf. 20:17). Luke concludes his first volume with these details: (i) Jesus lifts up his hands and blesses his disciples; (ii) while he blesses them he is parted from them; (iii) he is carried up into heaven. And in his second book named acts of apostles, "And after He had said these things, He was lifted up while they were looking on, and a cloud received Him out of their sight. And as they were gazing intently into the sky while He was going, behold, two men in white clothing stood beside them. They also said, 'Men of Galilee, why do you stand looking into the sky? This Jesus, who has been taken up from you into heaven, will come in just the same way as you have watched Him go into heaven'" (Acts 1:9-11).

### 7. Angels will accompany Jesus when He returns:

Angels were active in ministry during the life of Christ and will be when He returns in glory. Listen to the words of Jesus. "But when the Son of Man comes in His glory, and all the angels with Him, then He will sit on His glorious throne. All the nations will be gathered before Him; and He will separate them from one another, as the shepherd separates the sheep from the goats" (Matthew 25:31-32). The apostle Paul comforted fellow believers with the desire "to give relief to you who are afflicted and to us as well when the Lord Jesus will be revealed from heaven with His mighty angels in flaming fire" (2 Thessalonians 1:7, 1 Thess. 4:16-17). Same manner, angels are assigned to take care of all belivers. So, let's be of good courage and continue to work for His glory.

SV

# സ്വർഗീയ ദൂതന്മാർ



ബിനു ആർ.വി കട്ടളപ്പാറയിൽ

മനുഷ്യരാശിയിൽ നിന്നും ദൈവത്തിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു കൂട്ടം സ്വർഗീയ ജീവികളാണ് ദൂതന്മാർ. ദൈവദൂതന്മാരെ കുറിച്ചും അവരുടെ ശുശ്രൂഷകളെക്കുറിച്ച് ബൈബിൾ വളരെ കാര്യങ്ങൾ പ്രസ്താവിക്കുന്നുണ്ട്. ഏകദേശം 300 പ്രാവശ്യം ദൂതന്മാരെ കുറിച്ച് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭൂതകാല നിത്യത മുതൽ ഉണ്ടായിരുന്നവരെല്ല ദൈവദൂതന്മാർ. അവർക്കൊരു ആരംഭമുണ്ട്. അവർ ദൈവത്തിൻറെ സൃഷ്ടികളാണ്(നെഹമ്യാവ്.9:6,സങ്കീ. 148:2,5). ദൂതന്മാരെ രണ്ടു ഭാഗങ്ങളായി മനസ്സിലാക്കാം ഒന്ന് വിശുദ്ധ ദൂതന്മാർ: അവർ ദൈവത്തിൻറെ ദൂതുവാഹികളാണ് മറ്റൊരു കൂട്ടം വീണുപോയ ദൂതന്മാരാണ് അവർ സാത്താന്റെ ദൂതുവാഹികളാണ്

ദൈവത്തിന് ആളത്വം ഉള്ളതുപോലെ തന്നെ ദൂതന്മാർക്കും ഉണ്ട്. ഒരു വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട ബുദ്ധി, വികാരം, ഇച്ഛാശക്തി എന്നിവയെല്ലാം ദൂതന്മാർക്കും ഉണ്ട്(1പത്രോസ്. 1:12 യെശയ്യാവ്. 14:2–15). ദൈവദൂതന്മാർ ദൈവത്തെപ്പോലെ നിത്യരല്ല അവർ സൃഷ്ടിക്കപ്പെട്ടവരാണ്(കൊലോ.1:15). സ്വർഗീയ ദൂതന്മാർക്ക് മനുഷ്യർക്കുള്ളതുപോലെ പ്രത്യുൽപാദന ശേഷി ഇല്ല (മത്തായി.22:28-30.). ഭൗതിക പ്രപഞ്ചത്തിന്റെ സൃഷ്ടിക്ക് മുമ്പായിരുന്നു ദൂതന്മാർ സൃഷ്ടിക്കപ്പെട്ടത്(ഇയ്യോ.38:4–7).

### 1. ദൂതന്മാർ സേവകന്മാക്കളാണ്

ദൈവ ദൂതന്മാർ ദൈവമക്കളെ സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു(എബ്രാ.1:14, സങ്കീ90:12,34:7,മത്തായി.18:10,11.).

### 2. സ്വർഗ്ഗീയ ദൂതന്മാർ ഗണങ്ങളായി കാണപ്പെടുന്നു .

സ്വരൂപവും ശുശ്രൂഷയും അടിസ്ഥാനമാക്കി സ്വർഗീയ ദൂതന്മാരെ വിവിധ ഗണങ്ങളായി പറഞ്ഞിട്ടുണ്ട്.

***സാറാഫുകൾ:** ദൈവ തേജസ്സുമായി നിരന്തരം ബന്ധപ്പെട്ട ദൂതഗണമാണ് സാറാഫുകൾ."സ്റാഫിം" എന്നാ എബ്രായ പദത്തിന് "ജ്വലിക്കുന്നവ" എന്നർത്ഥം. സാറാഫുകൾക്ക് ചിറകുണ്ട്(യെശ.6:1–5).

***കെരൂബുകൾ:** അവർണനീയമായ ശക്തിയോടും സൗന്ദര്യത്തോടും കൂടെ സൃഷ്ടിച്ച ദൂതഗണമാണ് കെരൂബുകൾ. ഏദൻ തോട്ടത്തിന്റെ കിഴക്ക് വാളിന്റെ ജ്വലയുമായി നിൽക്കുന്ന കെരൂബുകളെയാണ് ആദ്യം കാണുന്നത്(ഉല്പ3:24).വീണ്ടും കെരൂബുകളുടെ സാന്നിധ്യം ദർശിക്കുന്നത് സമാഗമന കൂടാരത്തിലാണ്(പുറപ്പാട്.25: 17–22).

***ഭരണകർത്താക്കൾ:** അധികാരം നടത്തുന്ന ദൂതന്മാരുടെ 5 സ്ഥാനപ്പേരുകൾ ശ്രദ്ധേയമാണ്(കൊലോസ്യാർ.1: 16 റോമർ.8: 38. 1 പത്രോസ്.3:22). സിംഹാസനങ്ങൾ, കർത്തൃങ്ങൾ, വാഴ്ചകൾ, അധികാരങ്ങൾ, ശക്തികൾ.

***പ്രധാന ദൂതന്മാർ:** ദൂതന്മാരുടെ ഇടയിൽ സാധാരണ ദൂതന്മാരും പ്രധാന ദൂതന്മാരും ഉണ്ട് മിഖായേൽ പ്രധാന ദൂതനാണ്(യൂദാ 9, 16 ദാനി.12:1 3). മിഖായേൽ എന്ന വാക്കിൻറെ അർത്ഥം ദൈവത്തെ പോലെ ആരുള്ളൂ എന്നാണ് മറ്റൊരു പ്രധാന ദൂതനാണ് ഗബ്രിയേൽ. ദൈവത്തിൻറെ വീരപുരുഷൻ എന്നാണ് ഈ പേരിനർത്ഥം(ദാനി.8 :15 –27,9:20 –27). മറ്റൊരു പ്രധാന ദൂതൻ ആയിരുന്നു അരുണോദയ പുത്രനായ ശുക്രൻ എന്നറിയപ്പെടുന്ന ലൂസിഫർ. ദൂതന്മാരിൽ വച്ച് സൃഷ്ടിയിലും നിയമനത്തിലും ഉന്നതനായിരുന്നു(യെശ.4:12). നിഗളം എന്ന പാപം കടന്നു വന്നതുകൊണ്ട് സാത്താൻ ആയി മാറി.

### 3. ദൂതന്മാരെ ആരാധിക്കാൻ പാടില്ല:

ഏക സത്യ ദൈവത്തെ മാത്രമേ ആരാധിക്കാവൂ അവിടുന്ന് മാത്രമാണ് ആരാധനയ്ക്ക് യോഗ്യൻറോമർ.1:18–25). യോഹന്നാൻ അപ്പോസ്തലന് വരുവാനുള്ള കാര്യങ്ങളെക്കുറിച്ച് വെളിപ്പെടുത്തികൊടുത്ത ദൂതന്റെ കാൽക്കൽ വീണു നമസ്കരിക്കാൻ തുനിഞ്ഞപ്പോൾ ദൂതൻ ഞാനൊരു സഹഭൃത്യൻ എത്ര എന്ന് പറഞ്ഞ് അപ്പോസ്തലനെ തടുക്കുന്നു. ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന് പഠിപ്പിച്ചു കൊടുക്കുന്നു. അപ്പോസ്തലനായ പൗലോസിന്റെ കാലഘട്ടത്തിൽ ദൂതന്മാരെ ആരാധിക്കുവാൻ പ്രേരിപ്പിച്ചിരുന്ന ചില ദുരുപദേശാക്കന്മാരെ കുറിച്ച് പറയുന്നു(കൊലോ.2:18).

### 4. ഒരു ദൈവ പൈതൽ ദൂതന്മാരെ ന്യായം വിധിക്കും:

വീണുപോയ ദൂതന്മാരെയും പാപത്തിൽ വീണുപോയ മനുഷ്യരെയും ഒരു ദൈവ പൈതൽ ന്യായം വിധിക്കാൻ പോകുന്നു(1 കൊരിന്ത്യർ. 6:3).

SV




Edited, Printed, Published & Owned by Shinedas Kandanthitta;Printed at South India Press, Marthandam, Published from Kattalapparayil, Kudayal P O, Vellarada, TVM-695505, Mob:9995927502, E-mail:southernvoice2023@gmail.com